വില ₹ 40 (ഒറ്റപ്രതി) | ₹ 400 (വാർഷിക വരിസംഖ്യ)

2022 ഏപ്രിൽ

# കയർ വ്യവസായം


(ഒരു കയർഫെഡ് പ്രസിദ്ധീകരണം)




## സഹകരണ മേഖലയ്ക്ക് മികച്ച ജനപിന്തുണ: മുഖ്യമന്ത്രി

## ഒരുമയുടെ പൂരം

## സമസ്ത മേഖലകളിലും കരുത്ത് തെളിയിച്ച് മുന്നോട്ട്: സഹകരണ മന്ത്രി


Coirfed
Deep Sleep
MATTRESS
Wake up to good health
Coirfed
Coirfed
The Kerala State Co-operative Coir Marketing Federation Ltd. No.679
PB.No.4616, Alappuzha, Kerala, India, Tel + 91 477 2243627, 2243628,2243629, Fax: +91 477 2244013
E-mail: coirfedho@gmail.com. Website: www.coirfed.com, www.coirfed.kerala.gov.in

# കയർ വ്യവസായം

# ഉള്ളടക്കം

**Vol-5, No.-9**
Established in 1998
Founder Chief Editor:
**Anathalavattom Anandan**

*Chief Editor:*
**Adv. N. Saikumar**

*Editorial Board*
**Joshy Abraham**
**S.L. Sajikumar**
**V.S. Money**
**Rema Madanan**
**V.R. Vinod IAS**

*Managing Editor*
**B. Sunil**

*Editorial Assistants*
**N.S. Mohandas**
**V.N. Sasikumar**
**M. Arunkumar**
**P. Prajeesh**
**S. Saneesh**
**P.V. Venugopal**

*Design & layout*
**Kilikood**
**Ph: 9142142400**
**kilikoodalpy@gmail.com**

PAGE 06

കേരളത്തിലെ സഹകരണ പ്രസ്ഥാനം ലോകത്തിന് മാതൃക: മന്ത്രി പി.രാജീവ്

PAGE 10

കയർഫെഡ് ഷോറൂം വിൽപ്പന, മികവിന് അംഗീകാരം

PAGE 13

കക്ഷിഭേദമില്ലാതെ നാട്ടിലെ മഹാഭൂരിഭാഗവും വികസനം ആഗ്രഹിക്കുന്നു: മുഖ്യമന്ത്രി

PAGE 20

സഹകരണ മേഖലയ്ക്ക് മികച്ച ജനപിന്തുണ: മുഖ്യമന്ത്രി

PAGE 22

കൊക്കോപോട്ട് ആദ്യലോഡ് ഫ്ളാഗ് ഓഫ് ചെയ്തു

ലേഖകരുടെ അഭിപ്രായങ്ങൾ കയർഫെഡിന്റേതായിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.

ചിത്രങ്ങൾക്ക് വിവിധ വെബ്സൈറ്റുകളോട് കടപ്പാട്

**The Kerala State Co-Operative Coir Marketing Federation Ltd.**
No. 679 (COIRFED), PB No. 4616, Alappuzha - 688012
Tel: 0477 2243627, 2243628, 2243629, 2244109(D). www.coirfed.com
**Email: coirfedho@gmail.com, coirfedprd@gmail.com**




# കയർ വ്യവസായ മേഖലയിലെ സ്പന്ദനങ്ങളറിയാൻ

വായിക്കുക, പ്രചരിപ്പിക്കുക, വരിക്കാരാകുക

Coirfed

കയർ വ്യവസായം

## കയർ വ്യവസായം മാസിക

(ഒരു കയർഫെഡ് പ്രസിദ്ധീകരണം)
വാർഷിക വരിസംഖ്യ – 400 രൂപ
ഒറ്റപ്രതി – 40 രൂപ

| **പരസ്യനിരക്ക്** (സൈസ് ഡമ്മി 1/4) | |
|---|---|
| ബാക്ക് കവർ കളർ | ₹ 20,000 |
| ഫ്രണ്ട് കവർ ഇൻസൈഡ് കളർ | ₹ 15,000 |
| ബാക്ക് കവർ ഇൻസൈഡ് കളർ | ₹ 12,000 |
| സെന്റർ ഫുൾ പേജ് കളർ | ₹ 10,000 |
| സെന്റർ ഹാഫ് പേജ് കളർ | ₹ 6,000 |
| ഇൻസൈഡ് ഫുൾ പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 7,500 |
| ഇൻസൈഡ് ഹാഫ് പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 4,000 |
| ഇൻസൈഡ് ക്വാർട്ടർ പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 2,000 |

മാനേജിംഗ് ഡയറക്ടർ, കയർഫെഡ് എന്ന പേരിൽ ആലപ്പുഴയിൽ മാറാവുന്ന ഡി.ഡി, ചെക്ക് ആയി പരസ്യത്തിന്റെ ചാർജ്ജും നിങ്ങളുടെ വാർഷിക വരിസംഖ്യയും അയക്കേണ്ട വിലാസം

മാനേജിംഗ് എഡിറ്റർ, കയർവ്യവസായം, കയർഫെഡ്
പി.ബി. നമ്പർ.4616, ആലപ്പുഴ – 688012
ഫോൺ – 0477 2243628/29







# എഡിറ്റോറിയൽ

## കയർ ബോർഡിന്റെ കേരളത്തോടുള്ള അവഗണന അവസാനിപ്പിക്കുക

**ഒ**ന്നാം പൊതുതെരഞ്ഞെടുപ്പിനുശേഷം കേന്ദ്രത്തിൽ അധികാരത്തിൽ വന്ന ഗവൺമെന്റിൽ പ്രതിപക്ഷനേതാവായ എ.കെ.ജിയുടെ നേതൃത്വത്തിൽ കേരള എം.പിമാർ നടത്തിയ ശക്തമായ സമ്മർദ്ദത്തിന്റെയും ഇടപെടലിന്റെയും ഫലമായാണ് 1953ൽ കയർ വ്യവസായ നിയമം പാസാക്കുന്നതും 1954 ൽ കൊച്ചി ആസ്ഥാനമായി കയർബോർഡ് സ്ഥാപിതമാകുന്നതും.

ഏഴാം പഞ്ചവത്സര പദ്ധതി കാലയളവ് വരെ കയർബോർഡിന്റെ എല്ലാ വികസന പദ്ധതിയും കേരളത്തിലെ കയർ വ്യവസായത്തെയും  കയർ തൊഴിലാളികളെയും സംരക്ഷിക്കാൻ ലക്ഷ്യമിട്ടുള്ളതായിരുന്നു.. 1987ൽ കേരള കയർ തൊഴിലാളി ക്ഷേമനിധി നിയമം പാസാക്കിയതിനെതുടർന്നാണ് കേരളത്തിലെ കയർതൊഴിലാളികൾക്ക് പെൻഷൻ ലഭ്യമായി തുടങ്ങിയത്. അന്നുമുതൽ പെൻഷന്റെ ഒരു വിഹിതവും കയർബോർഡ് നൽകിയിരുന്നു.

കയറിന്റെ റിബേറ്റിന് കയർബോർഡ് പണം ലഭ്യമാക്കിയിരുന്നു. എന്നാൽ എട്ടാം പഞ്ചവത്സര പദ്ധതി കാലം മുതൽ കേരളത്തെ പാടെ അവഗണിക്കുന്ന സമീപനമാണ് കയർബോർഡ് സ്വീകരിച്ചുവരുന്നത്. കേരളത്തിലെ കയർ വ്യവസായത്തോടുള്ള അവഗണന ഇപ്പോൾ പാരമ്യതയിൽ എത്തിയിരിക്കുകയാണ്.

കേരളത്തിലെ കയർ വ്യവസായത്തെയും തൊഴിലാളികളെയും സംരക്ഷിക്കുന്നതിന് നേരത്തെ നടപ്പിലാക്കിയിരുന്ന എല്ലാ പദ്ധതികളും കയർബോർഡ് ഇപ്പോൾ നിർത്തലാക്കിയിരിക്കുകയാണ്.

കോവിഡ് മഹാമാരിയുടെ കാലത്ത് പോലും കേരളത്തിലെ കയർമേഖലയ്ക്ക് പരിമിതമായ നിലയിൽ പോലും പണം മുടക്കുന്നതിന് ഒരു നടപടിയും കയർബോർഡ് സ്വീകരിക്കാത്തത് അങ്ങേയറ്റം പ്രതിഷേധാർഹമാണ്. വിപണി വിപുലീകരണപദ്ധതി (എം.ഡി.എ) ഇനത്തിൽ കേന്ദ്രവിഹിതമായി നൽകുന്ന തുക ഒഴികെ ഒരു രൂപപോലും കയർ ബോർഡ് മുഖാന്തരം കേരളത്തിൽ ലഭ്യമാകുന്നില്ല. ഈയിനത്തിൽ തന്നെ വലിയൊരു തുക കുടിശ്ശികയുമാണ്.

ക്ലസ്റ്റർ വികസനത്തിന്റെ പേരിൽ മറ്റ് സംസ്ഥാനങ്ങൾക്ക് പ്രത്യേകിച്ച് തമിഴ്നാടിന് കയർബോർഡ് വാരിക്കോരി പണം നൽകുകയാണ്. കേരളത്തിലാകട്ടെ കയർ സംഘങ്ങളെ ചേർത്തുള്ള ക്ലസ്റ്ററുകൾ രജിസ്റ്റർ ചെയ്തെങ്കിലും വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ) തയാറാക്കാൻ കഴിയാത്തതു കാരണം ആ ഇനത്തിൽ പണമൊന്നും ലഭ്യമാകുന്നില്ല. ഡി.പി.ആർ രൂപപ്പെടുത്തുന്നതിന് കയർ ബോർഡ് അധികാരപ്പെടുത്തിയിട്ടുള്ള സ്ഥാപനം കേരള സർക്കാരിന് കീഴിലുള്ള എൻ.സി.ആർ.എം.ഐ ആണ്.

എൻ.സി.ആർ.എം.ഐ ഇക്കാര്യത്തിൽ വേണ്ടത്ര ജാഗ്രത പുലർത്തുന്നില്ല. ഫലത്തിൽ കയർ ബോർഡിന്റെ വികസന ഭൂപടത്തിൽ നിന്നും കേരളത്തിലെ കയർ മേഖല പൂർണമായും അപ്രത്യക്ഷമാകുന്ന അവസ്ഥയാണ് നേരിടുന്നത്. ഇക്കാര്യത്തിൽ അലംഭാവം വെടിഞ്ഞ് എല്ലാവരും കയർ വ്യവസായത്തിൽ കേന്ദ്ര നിക്ഷേപം കേരളത്തിൽ കൊണ്ടുവരുന്നതിനുള്ള ഊർജിതമായ ഇടപെടലുകൾ നടത്തണമെന്ന് ഈ അവസരത്തിൽ അഭ്യർത്ഥിക്കുന്നു.

**അഡ്വ. എൻ.സായികുമാർ**
ചീഫ് എഡിറ്റർ

എഡിറ്റോറിയൽ




# കേരളത്തിലെ സഹകരണ പ്രസ്ഥാനം ലോകത്തിന് മാതൃക: മന്ത്രി പി. രാജീവ്

**കേ**രളത്തിലെ സഹകരണ പ്രസ്ഥാനം ലോകത്തിനുതന്നെ മാതൃകയാണെന്ന് വ്യവസായ, നിയമ കയർ മന്ത്രി പി. രാജീവ് പറഞ്ഞു. എറണാകുളം മറൈൻ ഡ്രൈവിൽ നടക്കുന്ന സഹകരണ എക്സ്പോയിൽ വ്യവസായം, ചെറുകിട വ്യവസായം, തൊഴിൽ വരുമാന വർധന എന്നീ മേഖലകളിൽ സഹകരണ പ്രസ്ഥാനത്തിന്റെ പങ്ക് - അവസരങ്ങളും സാധ്യതകളും എന്ന സെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

സഹകരണ മേഖലയുടെ സാധ്യതകൾ ഉത്പാദന മേഖലയുമായി ബന്ധപ്പെടുത്താൻ സാധിക്കണം. വിദ്യാഭ്യാസ, ആരോഗ്യ സൂചകങ്ങളിൽ ലോകത്തിലെ വികസിത രാജ്യങ്ങളുമായി കിടപിടിക്കാവുന്ന മികവ് സ്വായത്തമാക്കാനായി എന്നത് കേരള മാതൃകയുടെ സവിശേഷതയാണ്. അളവിനൊപ്പം ഗുണത്തിലും ശ്രദ്ധകേന്ദ്രീകരിക്കാനാകണം. നേട്ടം കൈവരിക്കുന്ന ഘട്ടത്തിലും പ്രാഥമിക, ദ്വിതീയ മേഖലകളിൽ ഉത്പാദന വളർച്ച നേടാനാകുന്നില്ലെന്നതു പരിമിതിയാണ്. ഈ ദൗർബല്യം പരിഹരിച്ചാൽ മാത്രമേ നേട്ടം നിലനിർത്താനാകൂ. ഇതിനായുള്ള വിവിധ പദ്ധതികൾ സർക്കാർ നടപ്പാക്കുന്നുണ്ട്. എൻവയൺമെന്റൽ സോഷ്യൽ ഗവേണൻസിലാണു സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

കേരളത്തിൽ സൂക്ഷ്മ, ചെറുകിട, ഇടത്തരം (എം.എസ്.എം.ഇ) സംരംഭങ്ങൾക്കാണു കൂടുതൽ സാധ്യത. 12,300 എം.എസ്.എം.ഇ കൾ 9 മാസം കൊണ്ട് സംസ്ഥാനത്തു രൂപീകരിച്ചിട്ടുണ്ട്. കൊച്ചി -ബംഗളൂരു വ്യാവസായിക ഇടനാഴിക്കായി 10 മാസം കൊണ്ട് രണ്ടായിരത്തിലേറെ ഏക്കർ ഭൂമിയാണ് ഏറ്റെടുത്തിട്ടുള്ളത്.



*സഹകരണ എക്സ്പോയിൽ വ്യവസായം, ചെറുകിട വ്യവസായം, തൊഴിൽ വരുമാന വർധന എന്നീ മേഖലകളിൽ സഹകരണ പ്രസ്ഥാനത്തിന്റെ പങ്ക് - അവസരങ്ങളും സാധ്യതകളും എന്ന സെമിനാർ സംസ്ഥാന വ്യവസായ -നിയമ കയർ മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്തു സംസാരിക്കുന്നു.*

വിവര സാങ്കേതിക വിദ്യയിലും ഇലക്ട്രോണിക്സ് മേഖലയിലും കേരളം എക്കാലത്തും മുന്നിലാണ്. ഉത്പാദന മേഖലയിലും കേരള ബ്രാൻഡ് ശക്തിപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതുണ്ട്. വിപണനത്തിനായി ഇ-കൊമേഴ്സ് മേഖലയെ ശക്തിപ്പെടുത്തണം. മെയ്ഡ് ഇൻ കേരള ഉത്പന്നങ്ങൾ മാത്രം വിൽക്കുന്ന സൂപ്പർമാർക്കറ്റുകൾ ഒരു മികച്ച ആശയമാണ്. സ്റ്റാർട്ടപ്പുകളുടെ രൂപീകരണം സഹകരണ മേഖലയിൽ തൊഴിൽ സൃഷ്ടിക്കാനും ഉത്പാദന വർധനയ്ക്കും സഹായിക്കും.

കേരളത്തിന്റെ ഭാവി വ്യവസായ വളർച്ചയുമായി ബന്ധപ്പെട്ടാണുള്ളത്. വീട്-തൊഴിലിടം എന്ന സാധ്യതയെ പരമാവധി പ്രയോജനപ്പെടുത്തണം. അഭ്യസ്ത വിദ്യരായ വീട്ടമ്മമാർ ഏറെയുള്ള നാടാണ് കേരളം. ഉന്നത വിദ്യാഭ്യാസം നേടിയിട്ടുള്ള വീട്ടമ്മമാർ അവരുടെ കഴിവുകൾ പുറത്തെടുക്കുകയും വീട് തൊഴിലിടമാക്കി മാറ്റുകയും വേണം. വർക്ക് ഫ്രം ഹോം പോലുള്ള സംവിധാനം വഴി അവർക്കും ഈ ഉന്നതിയിൽ പങ്കാളികളാകാമെന്നും മന്ത്രി പറഞ്ഞു.

ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം ചെയർമാൻ രമേശൻ പാലേരി അധ്യക്ഷത വഹിച്ച ചടങ്ങിൽ കാസർഗോഡ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റും മടിക്കൈ സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റുമായ ബേബി ബാലകൃഷ്ണൻ പ്രബന്ധാവതരണം നടത്തി. ചടങ്ങിൽ ചിത്രകാരൻ വിനോദ് ഡിവൈൻ ചെറായി വരച്ചുനൽകിയ മന്ത്രി പി.രാജീവിന്റെ ചിത്രം അദ്ദേഹത്തിന് സമ്മാനിച്ചു.

കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി എംബിഎ അഗ്രിക്കൾച്ചറൽ ബിസിനസ് മാനേജ്മെന്റ് ഡയറക്ടർ ഡോ. ഇ.ജി. രഞ്ജിത്ത് കുമാർ മോഡറേറ്ററായ സെമിനാറിൽ എൻ.സി.ഡി.സി റീജണൽ ഡയറക്ടർ ഡോ. എസ്.കെ. തെഹദൂർ റഹ്മാൻ, കേരഫെഡ് ചെയർമാൻ വി. ചാമുണ്ണി, എസ്.സി/എസ്.ടി ഫെഡറേഷൻ പ്രസിഡന്റ് വേലായുധൻ പാലക്കണ്ടി, കാഞ്ഞിരോട് വീവേഴ്സ് വ്യവസായ സഹകരണ സംഘം പ്രതിനിധി കെ.ശശി തുടങ്ങിയവർ പങ്കെടുത്തു.

# സഹകരണ മേഖല തദ്ദേശ സ്ഥാപനങ്ങളുടെ ട്രഷറിയായി മാറണം: മന്ത്രി എം.വി. ഗോവിന്ദൻ



*സഹകരണ എക്സ്പോയിൽ സഹകരണ മേഖലയും പ്രാദേശിക സാമ്പത്തിക വികസനവും എന്ന സെമിനാർ തദ്ദേശസ്വയംഭരണ മന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്റർ ഉദ്ഘാടനം ചെയ്യുന്നു. മുൻ സഹകരണമന്ത്രി എസ്. ശർമ്മ, എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ്, കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി. ദിവ്യ, കയർഫെഡ് ചെയർമാൻ അഡ്വ. എൻ. സായികുമാർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് മെമ്പർ ഡോ. ജിജു പി. അലക്സ്, മാർക്കറ്റ്ഫെഡ് ചെയർമാൻ അഡ്വ. സോണി സെബാസ്റ്റ്യൻ, റെയ്സ്കോ ചെയർമാൻ വത്സലൻ പനോളി, വാരപ്പെട്ടി സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് എം.ജി. രാമകൃഷ്ണൻ എന്നിവർ സമീപം.*

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ട്രഷറിയായി ആശ്രയിക്കാവുന്ന രീതിയിൽ സഹകരണമേഖലയെ ഉപയോഗപ്പെടുത്താൻ കഴിയണമെന്നു തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. എറണാകുളം മറൈൻ ഡ്രൈവിൽ നടക്കുന്ന സഹകരണ എക്സ്പോയിൽ സഹകരണ മേഖലയും പ്രാദേശിക സാമ്പത്തിക വികസനവും എന്ന സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സംവിധാനങ്ങളിൽ പൊളിച്ചെഴുത്ത് ആവശ്യമാണെന്നും, സഹകരണ മേഖലയും പ്രാദേശിക ഗവൺമെന്റും തമ്മിൽ ബന്ധം വേണമെന്നും മന്ത്രി പറഞ്ഞു. പ്രാദേശിക തലത്തിലുള്ള സ്വയംഭരണാവകാശം നേടാൻ നമുക്ക് സാധിക്കണം. വിപുലപ്പെടുന്ന ആഭ്യന്തര കമ്പോളം കേരളത്തിൽ ഉണ്ടെന്നും മന്ത്രി പറഞ്ഞു.

മുൻ സഹകരണമന്ത്രി എസ്. ശർമ അധ്യക്ഷത വഹിച്ച സെമിനാറിൽ കില മുൻ ഡയറക്ടർ ഡോ. രമാകാന്തൻ പ്രബന്ധാവതരണം നടത്തി. സെമിനാറിനോടനുബന്ധിച്ച് തടുക്കാശേരി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ കേരളശ്രീ ആയുർവേദിക്സ് ലോഗോ പ്രകാശനം മന്ത്രി എം.വി ഗോവിന്ദൻ നിർവഹിച്ചു. കേരള സംസ്ഥാന പട്ടികജാതി/ പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന്റെ ഉത്പന്നമായ വനമാലിക കുന്തിരിക്കതിരിയുടെ പ്രോഡക്ട് ലോഞ്ചിംഗും മന്ത്രി നിർവഹിച്ചു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ്, കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി ദിവ്യ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് മെമ്പർ ഡോ. ജിജു പി. അലക്സ്, കയർഫെഡ് ചെയർമാൻ അഡ്വ. എൻ. സായികുമാർ, മാർക്കറ്റ്ഫെഡ് ചെയർമാൻ അഡ്വ. സോണി സെബാസ്റ്റ്യൻ, റെയ്സ്കോ ചെയർമാൻ വത്സലൻ പനോളി, വാരപ്പെട്ടി സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് എം.ജി. രാമകൃഷ്ണൻ എന്നിവർ പങ്കെടുത്തു.




*എറണാകുളം കോ-ഓപ്പറേറ്റീവ് എക്സ്പോ 2022ൽ സഹകരണ മേഖലയും പ്രാദേശിക സാമ്പത്തിക വികസനവും എന്ന വിഷയത്തെ അധികരിച്ചുള്ള സെമിനാറിൽ കയർഫെഡ് ചെയർമാൻ അഡ്വ. എൻ. സായികുമാർ സംസാരിക്കുന്നു.*

# ഗ്രാമപ്രദേശങ്ങളെ കൊള്ളപ്പലിശക്കാരിൽ നിന്ന് രക്ഷിച്ചത് സഹകരണമേഖല: മന്ത്രി കെ.എൻ. ബാലഗോപാൽ




**കേ**രളത്തിലെ ഗ്രാമപ്രദേശങ്ങളെ ഹുണ്ടിക വ്യാപാരികളിൽനിന്നു രക്ഷിച്ചത് സഹകരണമേഖലയുടെ പ്രവർത്തനങ്ങളാണെന്ന് ധനകാര്യമന്ത്രി കെ.എൻ. ബാലഗോപാൽ പറഞ്ഞു. എറണാകുളം മറൈൻ ഡ്രൈവിൽ നടന്ന സഹകരണ എക്സ്പോയിൽ ബാങ്കിംഗ് റെഗുലേഷൻ ആക്ട് ഭേദഗതികൾ, ഇൻകം ടാക്സ്, ജി.എസ്.ടി എന്നീ നിയമങ്ങളിൽ സഹകരണ സ്ഥാപനം സ്വീകരിക്കേണ്ട മുൻകരുതലുകൾ എന്ന സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

സഹകരണ മേഖലയുടെ വിപുലീകരണം കൂടുതൽ ആളുകളെ അതിലേക്ക് ആകർഷിച്ചു. കക്ഷിരാഷ്ട്രീയത്തിനതീതമായി ജനങ്ങൾ സഹകരിച്ച് സഹകരണ മേഖലയെ ശക്തിപ്പെടുത്തണം. ബാങ്കിംഗ് റെഗുലേഷൻ ആക്ട് സഹകരണ ബാങ്കുകളുടെ സാമ്പത്തിക മേഖലയിലെ സ്വാതന്ത്ര്യം ഇല്ലാതാക്കുന്നുവെന്നും സഹകരണ മേഖലയുടെ അവകാശങ്ങളെ വെട്ടിച്ചുരുക്കുന്നതാണെന്നും ധനമന്ത്രി അഭിപ്രായപ്പെട്ടു. കോഴിക്കോട് അർബൻ സഹകരണ ബാങ്ക് പ്രസിഡന്റ് ടി.പി ദാസൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ മുൻ എ.സി.എസ്.ടി.ഐ ഡയറക്ടർ ബി.പി പിള്ള പ്രബന്ധാവതരണം നടത്തി. ഹൈക്കോടതിയിലെ സീനിയർ അഡ്വ.പി.സി ശശിധരൻ, സഹകരണ സംഘം റിട്ട. അഡീഷണൽ രജിസ്ട്രാർ ജോസ് ഫിലിപ്പ്, അഡ്വ.ഡോ. കെ.പി പ്രദീപ് തുടങ്ങിയവർ പങ്കെടുത്തു. സെമിനാറിനോടനുബന്ധിച്ച് ധനകാര്യമന്ത്രി കെ.എൻ ബാലഗോപാലിന് സഹകരണ മന്ത്രി വി.എൻ വാസവൻ സ്നേഹോപഹാരം നൽകി.

## സഹകരണ എക്സ്പോ 2022 – ചിത്രങ്ങളിലൂടെ...





*കെ.എസ്.ഡി.പി ചെയർമാൻ സി.ബി. ചന്ദ്രബാബു, എറണാകുളം കോ-ഓപ്പറേറ്റീവ് എക്സ്പോയിലെ കയർഫെഡ് സ്റ്റാൾ സന്ദർശിച്ചപ്പോൾ.*





*കയർഫെഡ് ചെയർമാൻ അഡ്വ. എൻ. സായികുമാർ എറണാകുളം കോ-ഓപ്പറേറ്റീവ് എക്സ്പോയിലെ കയർഫെഡ് സ്റ്റാൾ സന്ദർശിച്ചപ്പോൾ.*







# കയർഫെഡ് ഷോറൂം വിൽപ്പന, മികവിന് അംഗീകാരം

**ക**യർഫെഡിന്റെ കേരളത്തിനകത്തും, പുറത്തുമുള്ള ഷോറുമുകളിൽ 2021–22 സാമ്പത്തിക വർഷം ശ്രദ്ധേയമായ പ്രവർത്തനം നടത്തിയ ഷോറും ജീവനക്കാരെ കയർഫെഡ് ഭരണസമതി യോഗത്തിൽ വച്ച് അനുമോദിക്കുകയുണ്ടായി, കയർഫെഡ് പ്രസിഡന്റ് അഡ്വ. എൻ.സായികുമാർ കയർഫെഡ് മാനേജിംഗ് ഡയറക്ടറും കയർ വികസന ഡയറക്ടറുമായ വി.ആർ. വിനോദ് ഐ.എ.എസ്, എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളായ വി.എസ്. മണി, എം. പുഷ്ക്കരൻ, ബോർഡ് അംഗങ്ങളായ മങ്ങംതറ ദേവൻ, എ. പ്രേമൻ, രമ മദനൻ, കയർഫെഡ് ജനറൽ മാനേജർ ബി.സുനിൽ തുടങ്ങിയവർ സംസാരിച്ചു.



*മികച്ച വിൽപ്പന നടത്തിയ കയർഫെഡ് ഷോറൂമിനുള്ള അവാർഡ് ചെന്നൈ ഷോറൂം മാനേജർ രശ്മി രാജന് സമ്മാനിക്കുന്നു കയർഫെഡ് പ്രസിഡന്റ് അഡ്വ. എൻ.സായികുമാർ, കയർഫെഡ് മാനേജിംഗ് ഡയറക്ടറും കയർ വികസന ഡയറക്ടറുമായ വി.ആർ. വിനോദ് ഐ.എ.എസ്, വി.എസ്. മണി, കയർഫെഡ് ജനറൽ മാനേജർ ബി.സുനിൽ തുടങ്ങിയവർ സമീപം.*



നാഗ്പൂർ ഷോറൂം മാനേജർ പിള്ളെ ജലജ മധുസൂദനൻ അവാർഡ് സ്വീകരിക്കുന്നു.



പത്തനംതിട്ട ഷോറൂം മാനേജർ വിഷ്ണു അവാർഡ് സ്വീകരിക്കുന്നു.



ശ്രീകാര്യം ഷോറൂം മാനേജർ ആർ. ഷിബു അവാർഡ് സ്വീകരിക്കുന്നു



*ട്രിച്ചി ഷോറൂം മാനേജർ ജി. വസന്തകുമാരി അവാർഡ് സ്വീകരിക്കുന്നു.*




*സിലിഗുരി ഷോറൂം മാനേജർ ശ്രീജിത്ത് എ.എം. അവാർഡ് സ്വീകരിക്കുന്നു.*

# പ്രത്യേക ക്യാഷ് പ്രൈസ്

**ക**യർഫെഡിന്റെ മുഖമാസികയായ കയർ വ്യവസായം 1998 മുതലാണ് പ്രസിദ്ധീകരണം ആരംഭിച്ചത്. പിന്നീട് കുറെക്കാലം പ്രസിദ്ധീകരണം നിലച്ചിരിക്കുകയായിരുന്നു. ഇപ്പോൾ കെട്ടിലും മട്ടിലും പുതുമയോടുകൂടി മാസിക പ്രസിദ്ധീകരിച്ചു വരുന്നു. വാർഷിക വരിസംഖ്യ 400 രൂപയാണ്. 20 വർഷങ്ങൾക്കു മുൻപുള്ള ലക്കങ്ങൾ കൈവശമുള്ളവർക്ക് കയർഫെഡ് ഭാഗ്യസമ്മാനങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. നിങ്ങളുടെ കൈവശമുള്ള കയർ വ്യവസായം മാസികയുടെ പഴയ ലക്കം നൽകുന്നവർക്ക് മാസികയുടെ ഒരു വർഷത്തേക്കുള്ള സൗജന്യ വരിസംഖ്യയും 500 രൂപ പ്രത്യേക ക്യാഷ് പ്രൈസും നൽകുന്നതാണ്. ഈ സൗജന്യം പരിമിതകാലത്തേക്ക് മാത്രം. വിശദവിവരങ്ങൾക്ക് ഉടനടി ബന്ധപ്പെടുക.

**മാനേജിംഗ് എഡിറ്റർ, കയർവ്യവസായം**
**കയർഫെഡ്, പി.ബി.നമ്പർ.4616, ആലപ്പുഴ-688012**
**ഫോൺ-0477 2243628, 8281009833**







## എന്റെ കേരളം മെഗാ എക്സിബിഷൻ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു

# കക്ഷിഭേദമില്ലാതെ നാട്ടിലെ മഹാഭൂരിഭാഗവും വികസനം ആഗ്രഹിക്കുന്നു: മുഖ്യമന്ത്രി

**നാ**ട്ടിലെ മഹാ ഭൂരിഭാഗവും കക്ഷിഭേദമില്ലാതെ നാടിന്റെ വികസനം ആഗ്രഹിക്കുന്നവരാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. രണ്ടാം പിണറായി സർക്കാറിന്റെ ഒന്നാം വാർഷികാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം കണ്ണൂർ പോലീസ് മൈതാനിയിൽ നിറഞ്ഞ സദസിൽ നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. വികസന വീഡിയോകളുടെ ഡിജിറ്റൽ സ്വിച്ച് ഓണിലൂടെയാണ് ഉദ്ഘാടനം നിർവഹിച്ചത്. ഏപ്രിൽ 14 വരെയുള്ള 'എന്റെ കേരളം' മെഗാ എക്സിബിഷനും മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു.

ജനങ്ങൾ നൽകിയ ഈ പിന്തുണ, ധൈര്യമായി മുന്നോട്ടുപോകാൻ സർക്കാറിനുള്ള സന്ദേശമാണെന്ന് വൻ ജനാവലിയെ ചൂണ്ടിക്കാട്ടി മുഖ്യമന്ത്രി പറഞ്ഞു. സർവതല സ്പർശിയായ, സാമൂഹികനീതിയിൽ അധിഷ്ഠിതമായ വികസനമാണ് സർക്കാർ നടപ്പിലാക്കുന്നത്. വികസന സ്പർശമേൽക്കാത്ത ഒരാളും ഒരു പ്രദേശവും ഉണ്ടാവാൻ പാടില്ല. വികസന വിഷയത്തിൽ എന്തിനാണ് നാടിന്റെ താൽപര്യത്തിന് എതിര് നിൽക്കുന്നതെന്ന് മുഖ്യമന്ത്രി ചോദിച്ചു.

സിൽവർ ലൈൻ വിഷയത്തിൽ അങ്ങേയറ്റം ആരോഗ്യകരമായ സമീപനമാണ് താനുമായുള്ള കൂടിക്കാഴ്ചയിൽ പ്രധാനമന്ത്രി സ്വീകരിച്ചത്. എങ്ങിനെയാണ് അദ്ദേഹത്തിന്റെ കീഴിലുള്ള മന്ത്രിസഭയിലെ ഒരംഗം നിഷേധാത്മകമായ നിലപാട് സ്വീകരിക്കുന്നത് എന്ന് മനസിലാവുന്നില്ല. സിൽവർലൈനിൽ സാമൂഹികാഘാത പഠനം നടക്കുകയാണ്. ആ പഠനത്തിന്റെ ഭാഗമായാണ് കാര്യങ്ങൾ നിശ്ചയിക്കേണ്ടത്. അത് നടത്താൻ കഴിയില്ലെന്ന് പറയുന്നത് അങ്ങേയറ്റം നിഷേധാത്മകമാണ്. ആ പഠനം നടക്കട്ടെ എന്ന് സുപ്രീം കോടതി വരെ ഖണ്ഡിതമായി പറഞ്ഞിട്ടുണ്ട്. ഭൂമി എടുക്കേണ്ടി വന്നാൽ, ആവശ്യമായ വലിയ നഷ്ടപരിഹാരമാണ് ഓരോരുത്തർക്കും ലഭിക്കാൻ പോകുന്നത്. സാമൂഹികാഘാത പഠനത്തിന്റെ ഭാഗമായാണ് അലൈൻമെൻറിലേക്കുള്ള അവസാന തീരുമാനം എത്തുക. ആ പഠനം നടത്തിയാലേ അതിലേക്ക് എത്താനാവൂവെന്നും മുഖ്യമന്ത്രി പറഞ്ഞു.






ദേശീയപാത വികസനം നടത്താൻ വൈകിയതിനാൽ നേരിടേണ്ടി വന്ന വൻ നഷ്ടത്തെക്കുറിച്ച് ചിന്തിക്കണം. ഭൂമി ഏറ്റെടുക്കലിന് നൽകുന്ന നഷ്ട പരിഹാരത്തിന്റെ 25 ശതമാനം കേരളം നൽകേണ്ടി വന്നു. കാലതാമസത്തിന്റെ പിഴയെന്ന മട്ടിൽ അയ്യായിരത്തിൽ പരം കോടി രൂപയാണ് കേരളം വഹിക്കേണ്ടി വന്നത്. ദേശീയപാതയും തീരദേശ ഹൈവേയും മലയോര ഹൈവേയും എല്ലാം നല്ല രീതിയിൽ പശ്ചാത്തല സൗകര്യം ഉണ്ടാക്കും. എറണാകുളം-ബംഗളൂരു വ്യവസായ ഇടനാഴി പോലുള്ള വലിയ പദ്ധതികൾക്കായി വലിയ തോതിൽ ഭൂമി ഏറ്റെടുക്കുകയാണ്. അതിന്റെ ഭാഗമായി വലിയ സ്ഥാപനങ്ങൾ വരും. അനേകം പേർക്ക് തൊഴിലവസരം ലഭിക്കും. കൊച്ചി-മംഗലാപുരം വ്യവസായ ഇടനാഴിക്കായി കേന്ദ്രത്തോട് ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്. കോവളം-ബേക്കൽ ജലപാത പൂർത്തിയാക്കാ നുള്ള വലിയ ശ്രമം നടക്കുന്നു. വടകരയിലും കണ്ണൂർ, കാസർകോട് ജില്ലകളിൽ ചിലയിടത്തും പുതിയ കനാൽ വെട്ടേണ്ടി വരും. അറുനൂറോളം കിലോ മീറ്റർ ജലപാത വന്നാൽ നമ്മുടെ നാട്ടിലെ ടൂറിസ്റ്റുകളെ വലിയ തോതിൽ ആകർഷിക്കാൻ കഴിയും. ജലപാതയിൽ 50 കിലോ മീറ്ററിൽ നല്ല ടൂറിസ്റ്റ് കേന്ദ്രങ്ങൾ ഉണ്ടാവുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

റവന്യൂ-ഭവന നിർമ്മാണ മന്ത്രി അഡ്വ. കെ. രാജൻ അധ്യക്ഷനായി. ജലവിഭവ മന്ത്രി റോഷി അഗസ്റ്റിൻ, വൈദ്യുതി മന്ത്രി കെ. കൃഷ്ണൻകുട്ടി, വനം-വന്യജീവി വകുപ്പ് മന്ത്രി എ.കെ. ശശീന്ദ്രൻ, തുറമുഖ-മ്യൂസിയം-പുരാവസ്തു- പുരാരേഖ മന്ത്രി അഹമ്മദ് ദേവർകോവിൽ, ഗതാഗത മന്ത്രി ആന്റണി രാജു, തദ്ദേശ സ്വയഭരണ മന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്റർ, എം.എൽ.എ.മാരായ രാമചന്ദ്രൻ കടന്നപ്പള്ളി, കെ.പി. മോഹനൻ എന്നിവർ ആശംസ നേർന്നു.

ഡോ. വി ശിവദാസൻ എം.പി, എം.എൽ.എ.മാരായ കെ.കെ. ശൈലജ ടീച്ചർ, ടി.ഐ. മധുസൂദനൻ, കെ.വി. സുമേഷ്, എം. വിജിൻ, കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി. ദിവ്യ, കണ്ണൂർ ജില്ലാ കളക്ടർ എസ്. ചന്ദ്രശേഖർ, ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ എസ്. ഹരികിഷോർ എന്നിവർ സംബന്ധിച്ചു. ചീഫ് സെക്രട്ടറി വി.പി. ജോയി സ്വാഗതവും ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് സെക്രട്ടറി കെ.ആർ. ജ്യോതിലാൽ നന്ദിയും പറഞ്ഞു.

കോവിഡ് നിയന്ത്രണങ്ങൾ ഒഴിവാക്കിയ ശേഷമുള്ള ചടങ്ങിൽ സാമൂഹിക സാംസ്കാരിക രാഷ്ട്രീയ രംഗത്തെ പ്രമുഖർ ഉൾപ്പെടെ നാടിന്റെ നാനാതുറകളിലുള്ളവർ പങ്കാളികളായി. ഗ്രാമ്യ നിടുവാലൂർ അവതരിപ്പിച്ച നാടൻ പാട്ട് തുടർന്ന്, കേരള ക്ഷേത്ര കലാ അക്കാദമി അവതരിപ്പിച്ച പഞ്ചവാദ്യം എന്നിവ ഉദ്ഘാടനത്തിന് മുമ്പായി അരങ്ങേറി.

സർക്കാർ അധികാരമേറ്റ മെയ് 20 വരെ നീളുന്ന വാർഷികാഘോഷ പരിപാടികൾക്കാണ് തുടക്കമായത്. എല്ലാ ജില്ലകളിലും 'എന്റെ കേരളം' പ്രദർശന മേളയും നടക്കും. തിരുവനന്തപുരത്ത് മെയ് 20നായിരിക്കും സമാപനം.

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ നേതൃത്വത്തിൽ കിഫ്ബിയുടെ പങ്കാളിത്തത്തോടെ സർക്കാർ വകുപ്പുകൾ, മിഷനുകൾ, ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവ ചേർന്നാണ് പ്രദർശനം സംഘടിപ്പിച്ചത്. പോലീസ് മൈതാനിയിലെ 'എന്റെ കേരളം' അരങ്ങിൽ എല്ലാ ദിവസവും വൈകീട്ട് ആറ് മണിക്ക് കലാ സാംസ്കാരിക സന്ധ്യ അരങ്ങേറും.

# ഉദ്ഘാടനം ഡിജിറ്റലാക്കി രണ്ടാം പിണറായി സർക്കാരിന്റെ ഒന്നാം വാർഷികാഘോഷം

**ഡി**ജിറ്റൽ സ്വിച്ച് ഓൺ കർമ്മത്തിലൂടെ ഉദ്ഘാടന ചടങ്ങ് വേറിട്ടതാക്കി രണ്ടാം പിണറായി സർക്കാരിന്റെ ഒന്നാം വാർഷികാഘോഷം. മുഖ്യമന്ത്രി റിമോട്ട് ബട്ടണിൽ വിരലമർത്തിയതോടെ മൂന്ന്, രണ്ട്, ഒന്ന് എന്ന് കൗണ്ട് ഡൗൺ ആരംഭിച്ചു. 'എന്റെ കേരളം' എന്ന തലക്കെട്ടോടെ കേരളത്തിന്റെ സമഗ്ര മുന്നേറ്റത്തിന്റെ നേർക്കാഴ്ചകൾ സ്ക്രീനിൽ തെളിഞ്ഞു. കൃഷി, വ്യവസായം, വിദ്യാഭ്യാസം, ആരോഗ്യം, തുടങ്ങിയ മേഖലകളിലും പ്രളയം, കോവിഡ് എന്നീ ദുരന്ത കാലഘട്ടങ്ങളിലും ജനങ്ങളെ ചേർത്തു നിർത്തിയ സർക്കാറിന്റെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച വീഡിയോ ആണ് പ്രദർശിപ്പിച്ചത്.

# ജനാവലി തീർത്ത ആരവങ്ങൾക്ക് മീതെ പഞ്ചവാദ്യ മേളത്തിമിർപ്പ്

**വ**ൻ ജനാവലി തീർത്ത ആരവങ്ങൾക്ക് മീതെ ഉയർന്ന ശംഖനാദത്തോടെ പഞ്ചവാദ്യങ്ങളുടെ മേളത്തിമിർപ്പ്. കൊട്ടും പാട്ടും ആവേശമാക്കി നാടൻ പാട്ടിന്റെ തുടിതാളം. രണ്ടാം പിണറായി സർക്കാരിന്റെ വികസനപ്പെരുമയുടെ ഒന്നാം വാർഷികാഘോഷങ്ങളുടെ ഉദ്ഘാടന ചടങ്ങിന് പൊലിമയേകി ഗ്രാമ്യ നിടുവാലൂരിന്റെ നാടൻ കലാമേളയും മാടായി ക്ഷേത്രകലാ അക്കാദമിയുടെ പഞ്ചവാദ്യവും അരങ്ങേറി.

ഉദ്ഘാടനച്ചടങ്ങ് പ്രൗഢഗംഭീരമാക്കിക്കൊണ്ടാണ്പഞ്ചവാദ്യവും നാടൻ കലാമേളയും അരങ്ങ് തകർത്തത്. മാടായി ക്ഷേത്രകലാ അക്കാദമിയുടെ 13 കലാകാരന്മാർ തീർത്ത നാദവിസ്മയത്തിൽ പോലീസ് മൈതാനിയിൽ തിങ്ങിനിറഞ്ഞ ആൾക്കൂട്ടം മതി മറന്നു.

നീലേശ്വരം പ്രമോദ്, കോട്ടയം നാരായണൻ വിജിൻകാന്ത് വയലപ്ര, കോട്ടയം നിജിത്ത്, എടക്കാട് ശിവദാസ്, രജീഷ് വയലപ്ര, കലാമണ്ഡലം വൈശാഖ്, മണത്തണ ബാലകൃഷ്ണൻ, കോട്ടയം നിധീഷ്, ചെറുതാഴം അർജുൻ, ശ്രീജിത്ത് മൊറാഴ, വിഷ്ണു കോട്ടയം, രമിത്ത് തൊടീക്കളം എന്നിവരായിരുന്നു പഞ്ചവാദ്യസംഘത്തിൽ.

# 'എന്റെ കേരളം' മെഗാ എക്സിബിഷൻ സമാപിച്ചു



**ര**ണ്ടാം പിണറായി സർക്കാറിന്റെ ഒന്നാം വാർഷികാഘോഷത്തിന്റെ ഭാഗമായി കണ്ണൂർ പോലീസ് മൈതാനിയിൽ സംഘടിപ്പിച്ച 'എന്റെ കേരളം' പ്രദർശന വിപണന മേള സമാപിച്ചു. മേളയുടെ ഭാഗമായുള്ള കലാ സാംസ്കാരിക പരിപാടികൾക്ക് കണ്ണൂർ ഷെരീഫിന്റെ സംഗീതനിശയോടെ സമാപനമായി. മേളയിലെ ഏറ്റവും മികച്ച സ്റ്റാളുകൾക്കുള്ള പുരസ്കാരം രാമചന്ദ്രൻ കടന്നപ്പള്ളി എം.എൽ.എ. വിതരണം ചെയ്തു. മേളയുടെ ഭാഗമായി ജില്ലാ ഇൻഫർമേഷൻ ഓഫീസ് പ്രസിദ്ധീകരിച്ച 'കണ്ണൂർ ഗസറ്റ്' പ്രത്യേക പതിപ്പ് ജില്ലാ കളക്ടർ എസ. ചന്ദ്രശേഖറിന് നൽകി രാമചന്ദ്രൻ കടന്നപ്പള്ളി എം.എൽ.എ. പ്രകാശനം ചെയ്തു.

ചടങ്ങിൽ ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷ അഡ്വ. കെ.കെ. രത്നകുമാരി, സംഘാടക സമിതി കൺവീനറായ ജില്ലാ ഇൻഫർമേഷൻ ഓഫീസർ ഇ.കെ. പത്മനാഭൻ, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ടി.ഒ. ഗംഗാധരൻ, മാനേജർ പി.വി. രവീന്ദ്രൻ, എൽ.എസ്.ജി.ഡി. ജോ. ഡയറക്ടർ ടി.ജെ. അരുൺ, ഫോക്‌ലോർ അക്കാദമി വൈസ് ചെയർമാൻ എ.വി. അജയകുമാർ, ഡി.ടി.പി.സി. സെക്രട്ടറി ജെ.കെ. ജിജേഷ് കുമാർ, കുടുംബശ്രീ മിഷൻ ജില്ലാ കോ ഓർഡിനേറ്റർ സുർജിത് എന്നിവർ സംബന്ധിച്ചു. ഏപ്രിൽ മൂന്നിന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്ത മേള വൻ ജനപങ്കാളിത്തത്തോടൊപ്പം മികച്ച വിറ്റുവരവും നേടിയാണ് സമാപിച്ചത്.

മികച്ച തീം സ്റ്റാളിനുള്ള പുരസ്കാരം കേരള പോലീസ് ഏറ്റുവാങ്ങി. മലബാർ കാൻസർ സെൻറർ രണ്ടും ജയിൽ വകുപ്പ് മൂന്നും സ്ഥാനം നേടി. മികച്ച ഡിസൈൻ: കിഫ്ബി. മികച്ച ആക്റ്റിവിറ്റി: പൊതു വിദ്യാഭ്യാസം. ജൂറി പ്രത്യേക പരാമർശം: ഐ.ഐ. എച്ച്.ടി, ആയുഷ് ഹോമിയോ, സിദ്ധ ചികിത്സ. സാങ്കേതികവിദ്യ വിഭാഗത്തിൽ മികച്ച സ്റ്റാൾ ഗവ. ഐ.ടി.ഐ. കണ്ണൂർ. സർക്കാർ വകുപ്പുകളിൽ ഏറ്റവും മികച്ച വിപണന സ്റ്റാൾ കാർഷിക വികസന–കർഷക ക്ഷേമ വകുപ്പ് ചന്തയാണ്. ഫിഷറീസ് സ്റ്റാൾ രണ്ടും ഖാദി ബോർഡ് മൂന്നും സ്ഥാനം നേടി.

മൃഗസംരക്ഷണ വകുപ്പിന്റെ മുണ്ടയാട് കോഴി വളർത്തൽ കേന്ദ്രത്തിന്റേതാണ് ഏറ്റവും നല്ല ജനസൗഹൃദ സ്റ്റാൾ. മറ്റ് ഏജൻസികളിൽ ഏറ്റവും മികച്ച വിപണന സ്റ്റാളായി ദിനേശ് തെരഞ്ഞെടുക്കപ്പെട്ടു. കുടുംബശ്രീക്കാണ് രണ്ടാം സ്ഥാനം. ഏറ്റവും കൂടുതൽ വിപണനം നടത്തിയ കൈത്തറി സ്റ്റാൾ കാഞ്ഞിരോട് കൈത്തറി സംഘത്തിന്റേതാണ്. ചിറക്കൽ കൈത്തറി സംഘം രണ്ടും ചൊവ്വ കൈത്തറി സംഘം മൂന്നും സ്ഥാനം നേടി. ഏറ്റവും കൂടുതൽ വിപണനം നടത്തിയ എം.എസ്. എം.ഇ. സ്റ്റാൾ പപ്പുവാൻ. ഫുഡ് കോർട്ടുകളിൽ മികച്ച സ്റ്റാൾ കഫേ കുടുംബശ്രീയുടേതാണ്. ദിനേശ് ഫുഡ്സിനാണ് രണ്ടാം സ്ഥാനം. ശുചിത്വം, വേയ്സ്റ്റ് മാനേജ്മെന്റ് തുടങ്ങിയവയിലുള്ള മികവിന് കെ.ടി.ഡി.സി. – പുട്ടോപ്പിയ സ്റ്റാൾ പുരസ്കാരം നേടി.



*രണ്ടാം പിണറായി സർക്കാരിന്റെ ഒന്നാം വാർഷികാഘോഷങ്ങളുടെ ഭാഗമായി കണ്ണൂർ പോലീസ് മൈതാനിയിൽ നടന്ന എന്റെ കേരളം മെഗാഎക്സിബിഷൻ പ്രദർശന വിപണന മേളയുടെ ഭാഗമായി ഒരുക്കിയ കയർ വികസന വകുപ്പിന്റെയും കയർഫെഡിന്റെയും സ്റ്റാൾ കയർ, വ്യവസായ നിയമ മന്ത്രി പി. രാജീവ് സന്ദർശിച്ചപ്പോൾ.*

# മേളയിൽ രണ്ടര കോടിയോളം രൂപയുടെ വിറ്റുവരവ്

'എന്റെ കേരളം' മെഗാ എക്സിബിഷൻ കൊമേഴ്ഷ്യൽ, തീം സ്റ്റാളുകളിൽ രണ്ടര കോടിയോളം രൂപയുടെ വിറ്റുവരവ്. ഏപ്രിൽ 13 വരെ മാത്രം 2.36 കോടി രൂപയുടെ വിറ്റുവരവുണ്ടായി. ഏപ്രിൽ മൂന്നു മുതലാണ് സ്റ്റാളുകൾ ആരംഭിച്ചത്. വ്യവസായ വകുപ്പിന്റെ സ്റ്റാളിൽ 1.38 കോടി രൂപയുടെ സാധനങ്ങളാണ് ഇതുവരെ വിറ്റഴിച്ചത്. ഇതിൽ 98.57 ലക്ഷം രൂപ കൈത്തറി സ്റ്റാളുകളിൽ നിന്നാണ്.

വ്യവസായ വകുപ്പിന്റെ 15 എം.എസ്.എം.ഇ. സ്റ്റാളുകളിൽ നിന്നായി ഇതുവരെ 39.5 ലക്ഷം രൂപ വരവ് ലഭിച്ചു. തുണിത്തരങ്ങൾ, കുടകൾ, ഭക്ഷണ സാധനങ്ങൾ, പലവ്യഞ്ജനങ്ങൾ എന്നിവ ഉൾപ്പെട്ട കേരള ദിനേശ് സ്റ്റാളിൽ നിന്നും 23.23 ലക്ഷം രൂപയുടെ ഉത്പന്നങ്ങളാണ് വില്പന നടത്തിയത്. ഏപ്രിൽ 13ന് മാത്രം 2.45 ലക്ഷം രൂപയുടെ വരവ് ലഭിച്ചു. ഇത് കൂടാതെ ദിനേശിന്റെ ഫുഡ് കോർട്ടിൽ നിന്ന് മാത്രമായി 5.4 ലക്ഷം രൂപ ലഭിച്ചു. കെ.ടി.ഡി.സിയുടെ ഫുഡ്കോർട്ടിൽ നിന്നും 1.65 ലക്ഷം രൂപയുടെയും മിൽമ സ്റ്റാളിൽ നിന്നും 5.4 ലക്ഷം രൂപയുടെയും ഭക്ഷ്യ ഉത്പന്നങ്ങൾ വില്പന നടത്തി. 3.5 ലക്ഷം രൂപയാണ് ആറളം ഫാം സ്റ്റാളിൽ ലഭിച്ചത്. കൃഷി വകുപ്പ് 9.7 ലക്ഷം രൂപയുടെയും ഫിഷറീസ് 7.7 ലക്ഷം രൂപയുടെയും ടൂറിസം വകുപ്പ് 3.66 ലക്ഷം രൂപയുടെയും ഉത്പന്നങ്ങൾ വിറ്റു. കുടുംബശ്രീ സ്റ്റാളിൽ നിന്നും 16.59 ലക്ഷം രൂപയും ഫുഡ് കോർട്ടിൽ നിന്നും 16.4 ലക്ഷം രൂപയും ലഭിച്ചു.



*രണ്ടാം പിണറായി സർക്കാരിന്റെ ഒന്നാം വാർഷികാഘോഷങ്ങളുടെ ഭാഗമായി കണ്ണൂർ പോലീസ് മൈതാനിയിൽ നടന്ന എന്റെ കേരളം മെഗാഎക്സിബിഷൻ പ്രദർശന വിപണന മേളയുടെ ഭാഗമായി ഒരുക്കിയ കയർഫെഡിന്റെ സ്റ്റാൾ ചെയർമാൻ അഡ്വ. എൻ. സായികുമാർ സന്ദർശിച്ചപ്പോൾ.*

# കവിത





പ്രീത വേണു

# ആവതിലൊട്ടുമേ..

ആവതിലൊട്ടുമേ
എനിക്കാവതില്ലാ സഖീ ...
നിന്നെ മറന്നിടാൻ ആവതില്ല..
ഉള്ളിൽ മുരളും പിണക്കങ്ങളൊക്കെയും
പാടേ മറക്കുന്നു
നിൻ മുഖമോർക്കുമ്പോൾ

എന്തിനു വേണ്ടിയുറഞ്ഞു തുള്ളിയെന്റെ
കൺമണീ നീയൊന്നു
ചൊല്ലീടുക...
കളിവാക്കുകൊണ്ടു ഞാൻ
വേദനിപ്പിച്ചെങ്കിൽ
പാടേ മറക്കുക
പ്രാണസഖീ....

ഉള്ളിൽ തുടിയ്ക്കും നിൻ
പ്രണയമോഹങ്ങൾ
കാണാതിരിക്കുവാനാവതില്ലാ സഖീ...

മച്ചിൻ മുകളിൽ
കൂടൊന്നു കൂട്ടി
കുറുകും കപോതങ്ങൾ
പോലെ നമ്മൾ
കുറുകുന്നു അവിടെയുമിവിടെയുമായി
മോഹന സ്വപ്നങ്ങൾക്കണ്ടു കൊണ്ട്...

സുഗന്ധം പൊഴിച്ചിടും
തൊടിയിലെ
ചെമ്പകം
പൂത്തുലഞ്ഞീടുന്നു
നിനക്കു വേണ്ടി...

ആവതില്ല എനിക്കാവതില്ല പെണ്ണേ
നിന്നെപ്പിരിഞ്ഞങ്ങിരിക്കുവാനായ്
കാറ്റിൽ പൊഴിയും
ചക്കര മാമ്പഴം
ആരും കാണാതെ
ഞാൻ പാത്തുവച്ചിട്ടുണ്ട്...

നിറ ദീപമായി
ജ്വലിച്ച ചിരാതിൻ
നെയ്യ്ത്തിരി
കാറ്റിലണഞ്ഞു
പോയല്ലോ
ഇരുൾ പരന്നീടുന്നു
ഹൃത്തിൽ സഖീയെന്റെ
മിഴികളിലൊഴുകുന്നു
സ്നേഹബാഷ്പം

പിണക്കങ്ങളെല്ലാം കാറ്റിൽപ്പറത്തി
പറന്നിങ്ങു പോരുക
കുഞ്ഞിക്കിളി നീ... (2)

# ഇൻഡ്യയൊട്ടാകെയുള്ള കയർഫെഡ് സ്വന്തം ഷോറൂമുകൾ

| Sl No | COIRFED Showrooms | Mobile(CUG) | Phone No. | e-mail address |
|---|---|---|---|---|
| 1 | Alappuzha | 8281009856 | 9847472870 | |
| 2 | Ananthapuri | 8281009847 | 0471-2327090 | coirfed.ananthapurisrm@gmail.com |
| 3 | Chalakudy | 8281009859 | 0480-2702916 | coirfed.chalakudysrm@gmail.com |
| 4 | Chengannur | 8281009854 | 0479-2453034 | coirfedchengannursrm@gmail.com |
| 5 | Cherthala | 9400725013 | | |
| 6 | Ernakulam | 8281009858 | 0484-2367508 | coirfed.ernakulamsrm@gmail.com |
| 7 | Kannur | 8281009864 | 0497-2707108 | |
| 8 | Kayamkulam | 8281009850 | 0479-2446335 | coirfedsrmkylm@gmail.com |
| 9 | Kollam | 8281009849 | 0474-2748954 | coirfed.kollamsrm@gmail.com |
| 10 | Kottayam | 8281009857 | 0481-2303279 | |
| 11 | Kozhikkode | 8281009863 | 0495-2549105 | |
| 12 | Malappuram | 8281009862 | 0483-2731806 | |
| 13 | Mavelikkara | 8281009852 | 0479-2343104 | coirfedsrmmavelikara@gmail.com |
| 14 | Nangyarkulangara | 8281009853 | 0479-2412219 | |
| 15 | Narmada | 8281009845 | 0471-2436956 | narmadacoirfed@gmail.com |
| 16 | Palakkad | 8281009826 | 0491-2546451 | coirfedsrmplkd@gmail.com |
| 17 | Parippally | 8281009848 | 0474-2576111 | |
| 18 | Pathanamthitta | 8281009873 | | |
| 19 | Sulthan Bathery | 8281009865 | 04936-265607 | |
| 20 | Sreekariyam | | 9349109251 | |
| 21 | Thirur | 8281009861 | 0494-2421441 | |
| 22 | Thrissur | 8281009860 | 0487-2323723 | coirfed.thrissursrm@gmail.com |
| 23 | Trida | 8281009846 | 0471-2328841 | coirfed.tridasrm@gmail.com |
| 24 | Ahmedabad | 09028073347 | 079-22122858 | |
| 25 | Ajmeer | 08769233721 | 0145-2620607 | |
| 26 | Amaravathy | 09421739326 | 0721-2576304 | |
| 27 | Amritsar | 09958272064 | 0183-2557747 | |
| 28 | Bangalore | 8921861538 | | |
| 29 | Bhavanagar | 9497757231 | 0278-2516620 | |
| 30 | Bhopal | 09303964488 | 0755-2745923 | |
| 31 | Calcutta | 09163342270 | 033-22353029 | |
| 32 | Chennai | 09633428848 | 044-28511938 | coirfedchennai@gmail.com |
| 33 | Delhi | 09958272064 | 011-22544026 | |
| 34 | Indore | 09826537574 | 0731-2469889 | coirfedindorsrm@gmail.com |
| 35 | Gauhati | 07319562716 | 0361-2544845 | coirfedguwahati@gmail.com |
| 36 | Jabalpur | 09450159009- 07024347446 | | 0761-5007765 |
| 37 | Jaipur | 09950838171 | 0141-2319806 | |
| 38 | Kolhapur | 07447330259 | 0231-2652003 | coirfedkolhapur@gmail.com |
| 39 | Kota | 09461700558 | 0744-2360952 | coirfed.kotasrm@gmail.com |
| 40 | Ludhiana | 09958272064 | 0161-2728238 | |
| 41 | Nagpur | 09422857737 | 0712-2768605 | coirfednagpur@gmail.com |
| 42 | Pondichery | 09633428848 | 0413-2333573 | coirfedpondicherry@gmail.com |
| 43 | Siliguri | 07319562716 | 0353-2430407 | |
| 44 | Surat I | 9497757231 | 0261-2438673 | |
| 45 | Surat II | | | |
| 46 | Trichy | 09750125580 | 09750125580 | |
| 47 | Pandurna | 09422857737 | 0716-4220183 | |
| 48 | Chapra | 09939066693 | 08986369244 | |
| 49 | Warud | 09421739326 | 0722-9234223 | |

ഒരു കേരള സർക്കാർ പൊതുമേഖലാ സ്ഥാപനം

# Coirfed



## വേവുന്ന വേനലിലും
## വിളകൾക്കു തണുവായ്,
## കയർഫെഡിന്റെ കൊക്കോഫെർട്ട്

### കൊക്കോഫെർട്ട്

( ചകിരിച്ചോറിൽ നിന്നും നിർമ്മിക്കുന്ന വളം )

1. ഏത് മണ്ണിലും ഉപയോഗിക്കാം
2. ഈർപ്പം നിലനിർത്താനുള്ള മണ്ണിന്റെശേഷിവർദ്ധിപ്പിക്കുന്നു
3. മണ്ണിന്റെ സുഷിരാവസ്ഥയെ മെച്ചപ്പെടുത്തി വേരോട്ടത്തെ സഹായിക്കുന്നു
4. പ്രകൃതിദത്തമായ ഹോർമ്മോണുകളും എൻസൈമുകളും അടങ്ങിയിരിക്കുന്നു
5. പരിസ്ഥിതിക്ക് ഏറെ അനുയോജ്യം
6. മണ്ണിന്റെ സ്വാഭാവികത നിലനിർത്തുകയും കൂടുതൽ വിളവിനു സഹായിക്കുന്ന തരത്തിൽ മണ്ണിനെ പരിപോഷിപ്പിക്കുകയും ചെയ്യുന്നു
7. ലാൻഡ് സ്കേപ്പിംഗ്, ഹോർട്ടികൾച്ചറൽ വിളകൾ, ചട്ടിയിൽ വളർത്തുന്ന സസ്യങ്ങൾ, ഫ്ളവർ ബെഡ് എന്നിവയ്ക്കും ഉപയോഗിക്കാം







Customer Care Number :

**0477 2243627**









namasteads.com

**Call Now : 8281009828,8281009840**

**THE KERALA STATE CO-OPERATIVE COIR MARKETING FEDERATION Ltd.** P.B.No.4616, Alappuzha,Kerala, India
Tel: 0477 2243627, 2243628 , 2243629 www.coirfed.com www.coirfed.kerala.gov.in, Email: coirfedho@gmail.com, mdcoirfed@gmail.com



# സഹകരണ എക്സ്പോ 2022

## സഹകരണ മേഖലയ്ക്ക് മികച്ച ജനപിന്തുണ: മുഖ്യമന്ത്രി

സഹകരണ രംഗത്ത് കേരളത്തിൽ വലിയ മാറ്റങ്ങളാണു വന്നുകൊണ്ടിരിക്കുന്നതെന്നും എല്ലാ മേഖലയിലും സഹകരണ പ്രസ്ഥാനങ്ങൾ വ്യാപിച്ചുകൊണ്ടിരിക്കുകയാണെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. എറണാകുളം മറൈൻ ഡ്രൈവിൽ ആരംഭിച്ച സഹകരണ എക്സ്പോ 2022 ഓൺലൈനിലൂടെ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

ജനനം മുതൽ മരണംവരെ ജനജീവിതവുമായി ബന്ധപ്പെട്ട എല്ലാമേഖലയിലും സഹകരണ സംഘങ്ങൾ സഹായവുമായി സജീവമാണ്. അതുകൊണ്ടുതന്നെ എല്ലാമേഖലയിൽ നിന്നും സഹകരണ സംഘങ്ങൾക്ക് ജനപിന്തുണ ലഭിക്കുന്നു. എന്നാൽ സഹകരണ മേഖലയ്ക്ക് എതിരെ നിർഭാഗ്യകരമായ ചില നീക്കങ്ങൾ വിവിധ ഘട്ടങ്ങളിൽ ഉണ്ടായി. ഈ നീക്കങ്ങളിൽ പിടിച്ചുനിൽക്കാൻ കഴിഞ്ഞതു കേരളത്തിലെ സഹകാരികൾ എല്ലാവരും യോജിച്ചുനിന്നു ചെറുത്തതുകൊണ്ടാണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

സഹകരണ മേഖലയുടെ പൊതുചിത്രം പരിശോധിക്കുമ്പോൾ നമ്മുടെ രാജ്യത്തിന്റെ പൊതുവായ ചില പ്രത്യേകതകൾ ഏറ്റവും കൂടുതൽ ബാധിച്ചതും ഈ മേഖലയെയാണ്. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ആദ്യ പ്രധാനമന്ത്രി നെഹ്റു ഏറ്റവും പ്രാധാന്യം കൊടുത്തത് പൊതുമേഖലയ്ക്കും സഹകരണ മേഖലയ്ക്കുമാണ്. വലിയ പ്രോത്സാഹനം രാജ്യത്താകെ ഗവൺമെന്റ് സഹകരണ മേഖലയ്ക്ക് നൽകി. ആഗോളവത്ക്കരണ നയം അംഗീകരിക്കുന്നതുവരെ ഇതുതുടർന്നു. അതിനുശേഷം അതുവരെയുണ്ടായിരുന്ന സമീപനത്തിൽ പലതിലും മാറ്റം വന്നു. പൊതുമേഖലയുടെ മാറ്റം നമ്മൾ കണ്ടതാണ്. പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താനാണ് നേരത്തെ ശ്രമിച്ചിരുന്നതെങ്കിൽ പിന്നീട് അതിനു മാറ്റംവന്നു. ഇതേ അവസ്ഥതന്നെ സഹകരണ മേഖലയ്ക്കും സംഭവിച്ചു. ആഗോളവത്ക്കരണ നയം അംഗീകരിക്കുന്നതുവരെ എല്ലാ കമ്മീഷനുകളും നിർദേശിച്ചിരുന്നത് സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനെക്കുറിച്ചാണ്. അതിനുശേഷമാകട്ടെ കമ്മീഷനുകളുടെ നിർദേശങ്ങളിൽ മാറ്റം വന്നു. അത്തരത്തിലുള്ള കമ്മീഷനുകളുടെ നിർദേശങ്ങൾക്കെതിരെ സഹകാരികൾ ഒന്നടങ്കം പ്രതിഷേധിച്ച് ചെറുത്തുനിന്നു. ഇക്കാര്യത്തിൽ ഇവിടെ ഒരുതരത്തിലുള്ള അഭിപ്രായ ഭിന്നതയും ഇല്ല. കേരളത്തിൽ മാറി മാറി വന്ന സർക്കാരുകൾ സഹകരണ മേഖലയെ സംരക്ഷിക്കുന്ന നിലപാടുകളാണ് സ്വീകരിച്ചത്. ഈ സർക്കാരും അതേ നിലപാടുതന്നെയാണ് സ്വീകരിക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

നമ്മുടെ നാട്ടിലെ സഹകരണ പ്രസ്ഥാനങ്ങൾ ദേശീയ പ്രസ്ഥാനകാലത്ത് ഉണ്ടായതാണ്.അതുകൊണ്ടുതെന്ന ജനകീയ സ്വഭാവം തുടർച്ചയായി നിലനിർത്താൻ കഴിയുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

സഹകരണ ഉത്പന്നങ്ങളും സേവനങ്ങളും വ്യക്തയോടെ ജനങ്ങളെ ബോധ്യപ്പെടുത്താൻ ഒസഹകരണ എക്സ്പോയ്ക്ക് കഴിയും. അതോടൊപ്പം സഹകരണ മേഖല നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് ചർച്ച ചെയ്യാനും ഈ എക്സ്പോ ഉപകരിക്കും. അതിൽ ഏറ്റവും വലിയ പ്രത്യേകതയായി കാണുന്നത് വിവിധ പ്രശ്നങ്ങളെക്കുറിച്ചും വ്യത്യസ്തമായ മേഖലകളെക്കുറിച്ചും വിശദമായ ചർച്ച സംഘടിപ്പിക്കുന്നുണ്ടെന്നതാണെന്നും മുഖ്യമന്ത്രി പറഞ്ഞു.



*എറണാകുളം മറൈൻ ഡ്രൈവിൽ ആരംഭിച്ച സഹകരണ എക്സ്പോ 2022ന്റെ ഓൺലൈൻ ഉദ്ഘാടന ചടങ്ങിൽ സഹകരണ മന്ത്രി വി.എൻ. വാസവൻ തിരികൊളുത്തുന്നു.*

# സമസ്ത മേഖലകളിലും കരുത്ത് തെളിയിച്ച് മുന്നോട്ട്: സഹകരണ മന്ത്രി

സമസ്ത മേഖലകളിലും കരുത്ത് തെളിയിച്ച് മുന്നേറുകയാണ് കേരളത്തിലെ സഹകരണ മേഖലയെന്ന് സഹകരണ മന്ത്രി വി.എൻ. വാസവൻ പറഞ്ഞു. എറണാകുളം മറൈൻ ഡ്രൈവിൽ ആരംഭിച്ച സഹകരണ എക്സ്പോ 2022ന്റെ ഓൺലൈൻ ഉദ്ഘാടന ചടങ്ങിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ നിർണ്ണായക പങ്കുവഹിച്ചു. വിപണിയിൽ സഹകരണ മേഖല ഇടപെട്ടതിനെ തുടർന്ന് മൂവായിരം രൂപ വിലയുണ്ടായിരുന്ന പൾസ് ഓക്സിമീറ്റർ 900 രൂപയ്ക്കും പിന്നീട് 500 രൂപയ്ക്കും ലഭ്യമാക്കി. ഓൺലൈൻ ക്ലാസുകൾ ആരംഭിച്ചപ്പോൾ മൊബൈൽ ഫോണും ടാബും വാങ്ങുന്നതിനായി പലിശ രഹിത വായ്പ നൽകി. കുടുംബശ്രീ മുഖേന മുറ്റത്തെ മുല്ല പദ്ധതി പ്രകാരം വായ്പകൾ അനുവദിച്ചു. കോവിഡിനെ തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട കലാകാരന്മാരെ സംരക്ഷിക്കുന്നതിനായി എല്ലാ വിഭാഗം കലാകാരന്മാരെയും ഉൾപ്പെടുത്തി സംസ്ഥാന അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങൾക്ക് ആരംഭിച്ചു. യുവാക്കളെ ആകർഷിക്കുന്നതിന് മുപ്പതോളം മേഖലയിൽ സഹകരണ സംരംഭങ്ങൾക്ക് തുടക്കമിട്ടു. കായിക മേഖലയിലും സഹകരണ മേഖല സജീവമാകുകയാണ്. ഇത്തരത്തിൽ പ്രയാസവും പ്രതിസന്ധികളും നേരിടുന്നതിന് സഹായ ഹസ്തവുമായി ഓടിയെത്തുന്ന വിശ്വമാനവികതയുടെ സന്ദേശമുയർത്തുകയാണ് സഹകരണ മേഖലയെന്നും അദ്ദേഹം പറഞ്ഞു.

ക്രിയാത്മകതയും ദീർഘവീക്ഷണവുമുള്ള പദ്ധതികളാണ് സഹകരണ വകുപ്പ് നടപ്പാക്കി വരുന്നതെന്ന് എക്സ്പോയിലെ സ്റ്റാളുകളുടെ ഉദ്ഘാടനം നിർവഹിച്ച് വ്യവസായമന്ത്രി പി. രാജീവ് പറഞ്ഞു. വ്യവസായ വകുപ്പിന് വലിയ പിന്തുണയാണ് മേഖലയിൽ നിന്നു ലഭിക്കുന്നത്.

ഈ സാമ്പത്തിക വർഷത്തിൽ ഒരു ലക്ഷം സംരംഭകരെ സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെയാണ് സർക്കാർ മുന്നേറുന്നത്. സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. എല്ലാ ജില്ലകളിലും ഒന്നു വീതമെങ്കിലും വ്യവസായ എസ്റ്റേറ്റുകൾ ആരംഭിക്കാൻ സഹകരണ മേഖലയ്ക്ക് കഴിയുമെന്നാണ് പ്രതീക്ഷ. കേരളത്തിൽ സഹകരണ മേഖലയ്ക്ക് വലിയ സാധ്യതയാണുള്ളതെന്നും മന്ത്രി പറഞ്ഞു.

എക്സ്പോയുടെ ഉദ്ഘാടനത്തിനു മുന്നോടിയായി ചെണ്ടമേളം വേദിയിൽ അവതരിപ്പിച്ച മട്ടന്നൂർ ശങ്കരൻ കുട്ടിമാരാരെ മന്ത്രി വി.എൻ. വാസവൻ പൊന്നാടയണിയിച്ച് ആദരിച്ചു. ഫെസ്റ്റിവൽ ബുക്കിന്റെ പ്രകാശനം മന്ത്രി വി.എൻ. വാസവൻ കൊച്ചി മേയർ അഡ്വ. എം. അനിൽ കുമാറിന് നൽകി നിർവഹിച്ചു. ഡെയ്‌ലി ബുള്ളറ്റിൻ വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി. രാജീവ് ടി.ജെ വിനോദ് എംഎൽഎയ്ക്ക് നൽകി പ്രകാശനം ചെയ്തു.

എം.എൽ.എ.മാരായ കെ.എൻ. ഉണ്ണികൃഷ്ണൻ, കെ.ജെ. മാക്സി, പി.വി ശ്രീനിജിൻ, പി.എ.സി.എസ് അസോസിയേഷൻ പ്രസിഡന്റ് വി. ജോയ് എം.എൽ.എ., സഹകരണ വകുപ്പ് സെക്രട്ടറി മിനി ആന്റണി, ജില്ലാ കളക്ടർ ജാഫർ മാലിക്, കേരള ബാങ്ക് പ്രസിഡന്റ് ഗോപി കോട്ടമുറിക്കൽ, സഹകരണ യൂണിയൻ സംസ്ഥാന ചെയർമാൻ കോലിയക്കോട് എൻ. കൃഷ്ണൻ നായർ, സഹകരണ ഓഡിറ്റ് ഡയറക്ടർ എം.എസ്. ഷെറിൻ, കോർപ്പറേഷൻ കൗൺസിലർ മനു ജേക്കബ് തുടങ്ങിയവർ പങ്കെടുത്തു.

# സഹകരണ എക്സ്പോ പവലിയനിൽ 210 സ്റ്റാളുകൾ; പ്രവേശനം സൗജന്യം

**മ**റൈൻ ഡ്രൈവിൽ 60,000 ചതുരശ്ര അടിയിൽ തീർത്ത സഹകരണ എക്സ്പോ പവലിയനിൽ 210 സ്റ്റാളുകളാണുണ്ടായിരുന്നത്. സംസ്ഥാനത്തെ പ്രമുഖ സഹകരണ സ്ഥാപനങ്ങൾ അവരുടെ ഉത്പന്നങ്ങളും സേവനങ്ങളുമായി എക്സ്പോയിൽ പങ്കെടുത്തു.

ദേശീയ, അന്തർ ദേശീയ തലത്തിൽ മികച്ച നേട്ടങ്ങൾ സൃഷ്ടിച്ച സംസ്ഥാനത്തെ സഹകരണ മേഖലയുടെ ചരിത്രം, ഏറ്റെടുത്ത വെല്ലുവിളികൾ, നടത്തിവരുന്ന ജനകീയ പ്രവർത്തനങ്ങൾ എന്നിവയുടെ വിപുലമായ പരിചയപ്പെടുത്തൽ കൂടിയാണ് സഹകരണ എക്സ്പോ. 8000 ചതുരശ്ര അടിയിൽ തീർത്ത ഫുഡ് കോർട്ടിൽ രുചി വൈവിധ്യങ്ങളും തീർത്തു.

പ്രദർശനങ്ങൾക്കുള്ള പ്രവേശനം പൂർണമായും സൗജന്യമായിരുന്നു. എല്ലാ ജില്ലകളിൽ നിന്നുള്ള സഹകാരികളും സഹകരണ സംഘം ഭരണസമിതി അംഗങ്ങളും ജീവനക്കാരും മേള കാണാനെത്തി. മേളയിൽ ഡിസ്കൗണ്ട് നിരക്കിൽ സഹകരണ സംഘങ്ങളുടെ ഉത്പന്നങ്ങൾ പൊതുജനങ്ങൾക്ക് വാങ്ങാനും അവസരമുണ്ട്.

സഹകരണ മേളയുടെ ഭാഗമായി എല്ലാ ദിവസവും സഹകരണ മേഖലയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ സെമിനാറുകൾ സംഘടിപ്പിച്ചു.ഓരോ മേഖലയിലെയും വിദഗ്ധരുടെ പ്രബന്ധാവതരണവും വിദഗ്ധ പാനലുകളുടെ വിശകലനങ്ങളുമുണ്ടായിരുന്നു

സാംസ്കാരിക സായാഹ്നങ്ങളിൽ സ്റ്റീഫൻ ദേവസി, ഗൗരി ലക്ഷ്മി, വൈക്കം മാളവിക, പുഷ്പാവതി എന്നിവരുടെ പരിപാടികളും ഊരാളി ബാൻഡ്, കൃഷ്ണ പ്രഭ ജയിൻകാ സ്കൂൾ ഓഫ് ആർട്ട്, ആത്മയുടെ ടിവി ഷോ എന്നിവയും സംഘടിപ്പിച്ചു.




# കൊക്കോപോട്ട് ആദ്യലോഡ് ഫ്ളാഗ് ഓഫ് ചെയ്തു

**ക**യർഫെഡ് ഉത്പാദിപ്പിച്ച് വിപണിയിലിറക്കിയിട്ടുള്ള മൂല്യവർധിത ഉത്പന്നങ്ങളിലൊന്നായ കൊക്കോ പോട്ടിന്റെ വിപണന വിപുലീകരണത്തിന്റെ ഭാഗമായി കയർഫെഡും തദ്ദേശ സ്വയംഭരണ വകുപ്പും കൂടി സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയുടെ തുടക്കം എന്ന നിലയിൽ കാസർകോട് കുടുംബശ്രീ യൂണിറ്റിന് കൊക്കോ പോർട്ട് വിതരണം ചെയ്യുന്നതിന്റെ ആദ്യ ലോഡ് കയർഫെഡ് ചെയർമാൻ അഡ്വ. എൻ. സായികുമാർ ഫ്ളാഗ്ഓഫ് ചെയ്തു.

കാസർകോട് കുടുംബശ്രീയ്ക്ക് ആദ്യ യൂണിറ്റ് ലോഡിൽ 8000 കൊക്കോ പോട്ടുകളാണ് നൽകുന്നത്. ഇത് സംബന്ധിച്ച് കയർഫെഡിന്റെ ആലപ്പുഴ ആർ.സി.പി ഫാക്ടറി പരിസരത്ത് നടന്ന ചടങ്ങിൽ കയർഫെഡ് മാർക്കറ്റിംഗ് മാനേജർമാരായ അനുരാജ് എം., എസ്. അനിൽ കുമാർ, വർക്ക്സ് മാനേജർ വിനേഷ്, പി. പ്രജീഷ്, എം.പി.നാരായണൻ നായർ രാധാകൃഷ്ണൻ, എൻ.കെ. ബേബി, ആർ.സി.പി യൂണിറ്റിലെ ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു.



## COIR DEVELOPMENT DEPARTMENT AND COIRFED CONTACT DIRECTORY

| Sl No | Name | Office | Mobile |
|---|---|---|---|
| **I.** | **Coir Development Dept.** | | |
| 1 | Sri. Rajesh Kumar Sinha IAS<br>Principal Secretary, Coir | 0471 2517395 | |
| 2 | Sri.V.R.Vinod IAS,<br>Director of Coir Development | 0471-2322046 | 9400593500 |
| 3 | Smt. Helen Jerome, ADCD | 0471-2322046 | |
| 4 | Shri. Byju Kumar.S, Under Secretary (Coir) | 0471-2518481 | 9447066257 |
| 5 | Smt. Sreelekha.S, Section Officer, Coir | 0471-2518032 | 9447782904 |
| 6 | Shri.Thomas John, D.R,<br>Coir Development Dept. | 0471-2322046 | 9447245611 |
| **II** | **Coir Project Offices** | | |
| 1 | Shri. K.J. Prabhakumar, Chirayinkeezh | 0470-2626581 | 8289807351 |
| 2 | Shri.Benedict Nixon, Kollam | 0474-2793412 | 9809016005 |
| 3 | Shri.G.Krishnapillai, Kayamkulam | 0479-2442469 | 9446071531 |
| 4 | Shri. R. Suresh Babu, Alappuzha | 828109816 | 9572077344 |
| 5 | Smt.S. Sudha Varma, Vaikom | 04829-231371 | 9446000377 |
| 6 | Smt. Indira K.M , North Paravoor | 0484-2442533 | 9495016149 |
| 7 | Shri.Sojan. C.R, Thrissur | 0487-2423047 | 9497193550 |
| 8 | Shri.Saseendran B, Ponnani | 0494-2666029 | 9496176030 |
| 9 | Smt. P.R. Sindu, Kozhikkode | 0495-2768460 | 9446079538 |
| 10 | Shri. S.K. Sureshkumar, Kannur | 0497-2705034 | 9744720375 |
| **III** | **Coirfed Head Office** | | |
| 1 | Sri. V.R. Vinod IAS, Managing Director | 0477 - 2244109 | 9447484109 |
| 2 | Shri. B. Sunil, General Manager | 8281009870 | 9400149478 |
| 3 | Shri. V.N.Sasikumar, Asst.Finance Manager | 8281009819 | 9446428296 |
| 4 | Shri. D. Sajeev, Personnel Manager | 9947562237 | |
| 5 | Shri. Anuraj. M, Marketing Manager (P) | 8281009840 | 9895365558 |
| 6 | Shri. Sreevardhan Namboothiri. S<br>Marketing Manager(Y) | 8281009817 | 8850677769 |
| 7 | Shri. Anil Kumar.S, Marketing Manager | 8281009828 | 7012602633 |
| 8 | Shri.N.S.Mohandas, Liaison Officer & PRO | 8281009833 | 9497339180 |
| 9 | Shri. Vinesh.S, Development Officer | 8330010736 | 9400599236 |
| 10 | Shri S. Jayaprakash Regional Officer,<br>Alappuzha | 0477-2246272 | 8281009832 |
| 11 | Shri. R. Anil, Regional Officer, Kollam | 0474-2793543 | 8281009829 |
| 12 | Shri. Harish. V, Regional Officer, Kochi | 0484-2224649 | 8281009843 |
| 13 | Sri.T.K Jeevanandan, R.O, Kozhikode | 0495-2360274 | 8281009844 |
| 14 | Shri. P.Prajeesh, P A to President & MD | 8281009842 | 9446271700 |
| 15 | Sri.BabuVijayanath, Depot Manager,<br>Alappuzha | 8281009872 | 9847222027 |
| 16 | Shri. N.K.Baby Materials Manager | 8281009834 | 9495873599 |
| 17 | Shri.V K Shine Stores Supervisor | 8281009818 | 8547524185 |
| 18 | Manager, RB Unit | | 9497635914 |
| 19 | Shri.Nagappan, Dispatch Supervisor,<br>PVCT Unit | 8330010737 | 8075250903 |
| 20 | Shri. Baburaj, Central Stores Manager | 0477-2242471 | |

**Advt. N. Saikumar BSc, LLM**
**Chairman**

**Coirfed**
**The Kerala State Co-operative**
**Coir Marketing Federation Ltd**

CF/Pdt/2022/
08.04.2022

എല്ലാ ഗ്രാമപഞ്ചായത്തു പ്രസിഡന്റുമാർക്കും

സർ

വിഷയം: **കയർഫെഡ്-തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാർഷിക പദ്ധതികൽക്ക് കയർ ഫെഡിന്റെ പരിസ്ഥിതി സൗഹൃദ ചെടിച്ചട്ടികൾ (കൊക്കോ പോട്ട്), കൊക്കോഫെർട്ട് ജൈവവളം എന്നിവ ടെൻഡർ കൂടാതെ നേരിട്ട് വാങ്ങുന്നതു സംബന്ധിച്ച്.**

സൂചന- **1) 15/09/2019ലെ സ.ഉ.(സാധാ) നം. 846/2019/ കൃഷി നമ്പർ ഉത്തരവ്**
**2) സർക്കാർ ഉത്തരവ് 10.01.2022ലെ സ.ഉ.(സാധാ) നം. 52/2022 ത.സ്വ.വ**
**(പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)**

സംസ്ഥാനത്തൊട്ടാകെയുള്ള 722 ഓളം പ്രാഥമിക കയർ സഹകരണ സംഘങ്ങളുടെ ആപ്പക്സ് സ്ഥാപനമായ കർഫെഡ്, അംഗസംഘങ്ങൾ ഉത്പാദിപ്പിക്കുന്ന കയറും കയർ ഉത്പന്നങ്ങളും വിപണനം നടത്തുന്നതോടൊപ്പം സ്വന്തം നിലയിൽ വൈവിധ്യമാർന്ന വിവിധയിനം പരിസ്ഥിതി സൗഹൃദ കയറുൽപ്പന്നങ്ങളും നിർമ്മിച്ച വിപണനം ചെയ്തുവരുന്നു.

കയർഫെഡിൽ നിന്നും കൃഷി വകുപ്പിന്റെ വിവിധ പദ്ധതികളുടെ കീഴിൽ ജൈവവളം, മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി ചകിരിച്ചോറും ചകിരിനാരും വാങ്ങുന്നതിന് അനുമതി നൽകിയും ആയതിന്റെ അംഗീകൃത ഏജൻസിയായി കയർഫെഡിനെ നിശ്ചയിച്ചും സൂചന 1) പ്കാരം സർക്കാർ ഉത്തരവായിരുന്നു.

വികേന്ദ്രീകൃത മാലിന്യ പരിപാലന രംഗത്തും ജൈവ കൃഷി മേഖലയിലും ഉപയോഗിക്കുന്നതിലേയ്ക്കായി മൂന്ന് നൂതന ഉത്പന്നങ്ങൾ കയർഫെഡ് തയാറാക്കിയിട്ടുണ്ട്.

1) കൊക്കോ ഗ്രീൻ - എയ്റോബിക് കമ്പോസ്റ്റിംഗ് സംവിധാനങ്ങളിൽ കമ്പോസ്റ്റ്
2) കൊക്കോ ഫെർട്ട് - കയർ പിത്ത് ഉപയോഗിച്ച് തയ്യാറാക്കുന്ന കമ്പോസ്റ്റ്
3) കൊക്കോ പോട്ട് - ചകിരി നാരും പ്രകൃതിദത്ത ലാറ്റക്സും ചേർത്ത് തയ്യാരാക്കുന്ന പ്രകൃതി സൗഹൃദ ചെടിച്ചട്ടികൾ

കൊക്കോ ഫെർട്ട് ചില കൃഷി ഭവനുകൾ തങ്ങളുടെ പ്രോജക്ടിന്റെ ഭാഗമായി വാങ്ങുന്നുണ്ട്. എന്നാൽ ബഹുഭൂരിപക്ഷം കൃഷിഭവനുകളും ഫാമുകളും ഇപ്പോഴും കൊക്കോഫെർട്ട് വ്യാപകമായി പ്രയോജനപ്പെടുത്തി തുടങ്ങിയിട്ടില്ല.

വികേന്ദ്രീകൃത ഖരജൈവ മാലിന്യ നിർമ്മാർജ്ജന രംഗത്ത് കയർഫെഡിന്റെ കൊക്കോ ഗ്രീൻ എന്ന ബ്രാൻഡിലുള്ള ഇനാകുലേറ്റഡ് കയർപിത്ത് കൊക്കോ ഗ്രീൻ കേരളത്തിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാലിന്യ പരിപാലന പദ്ധതികൾക്കായി പ്രയോജനപ്പെടുത്തി വരുന്നു. തിരുവനന്തപുരം കോർപ്പറേഷന്റെ കീഴിലുള്ള വീടുകളിൽ ഖരജൈവ മാലിന്യ സംസ്കരണത്തിന് കയർഫെഡിന്റെ ഇനാകുലേറ്റഡ് പിത്ത് കഴിഞ്ഞ രണ്ടുവർഷത്തിലേറെയായി ഉപയോഗിച്ചുവരുന്നു.

കൊക്കോപോട്ടും കൊക്കോഫെർട്ടും ഉപയോഗിച്ച് ആലപ്പുഴ ജില്ലയിലെ കുമാരപുരം പഞ്ചായത്തിലെ കൃഷി ഓഫീസർ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കഴിഞ്ഞ വർഷത്തെ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് നടപ്പാക്കിയ മാതൃകാ പദ്ധതി ഏറെ പ്രശംസ നേടിയിരുന്നു. ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ. ടി.എൻ. സീമ പദ്ധതിയെ ഏറെ അനുമോദിക്കുകയും ഈ മാതൃക എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തെങ്കിലും ആലപ്പുഴ ജില്ലയിലെ തന്നെ കാവാലം പഞ്ചായത്ത് മാത്രമാണ് പിന്നീട് ഈ പദ്ധതി നടപ്പാക്കിയത്. കുമാരപുരം ഗ്രാമപഞ്ചായത്തിൽ 6500 പ്രകൃതി സൗഹൃദ ചെടിച്ചട്ടി നൽകിക്കൊണ്ട് ഇതിന്റെ വാണിജ്യാടിസ്ഥാനത്തിലുള്ള വിപണനം കയർഫെഡ് ആരംഭിച്ചത്. കുമാരപുരം ഗ്രാമപഞ്ചായത്തും കുമാരപുരം കൃഷിഭവനും സംയുക്തമായാണ് പ്രകൃതി സൗഹൃദ ചെടിച്ചട്ടിയിൽ പച്ചക്കറി കൃഷി നടത്തുന്നതിനുള്ള പദ്ധതി പ്രകാരം ഓരോ വീടുകളിലും അവ വിതരണം ചെയ്തത്. പരിസ്ഥിതി സംരക്ഷണവും കാർഷിക വൃത്തിയിലേക്കുള്ള പ്രോത്സാഹനവുമാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഇതിനാവശ്യമായ പ്രകൃതി സൗഹൃദ ചെടിച്ചട്ടിയും

**P.B.No. 4616, Alappuzha - 688 012, Kerala. Tel: 0477-2243627, 2243628, 2243629 (Office)**
**Direct - 0477-2246950 Mob: 9847334042 Fax: 0477-2244013**
**E-mail: coirfedho@gmail.com, nsayikuar@gmail.com, Website: www.coirfed.com, www.coirfed.kerala.gov.in**

**Advt. N. Saikumar BSc, LLM**
**Chairman**

**Coirfed**
**The Kerala State Co-operative Coir Marketing Federation Ltd**

അതിൽ നിറയ്ക്കുവാനുള്ള കയർഫെഡിന്റെ ചകിരിച്ചോർ ജൈവവളവും (കൊക്കോഫെർട്ടും) വിപണിവിലയിൽ വളരെ കുറച്ച് കയർഫെഡ് നൽകുകയുണ്ടായി. പഞ്ചായത്തും കൃഷിഭവനും ചേർന്ന് പച്ചക്കറിതൈകളും ചേർത്ത് ഇവ വീടുകളിൽ വിതരണം ചെയ്തു. 75% പഞ്ചായത്ത് വിഹിതവും 25% ഗുണഭോക്തൃവിഹിതവുമാണ് കുമാരപുരം പഞ്ചായത്ത് കയർഫെഡിന്റെ നൂതന ഉത്പന്നം ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കിയത്.

തുടർന്ന് കയർഫെഡ് പ്രസിഡന്റ് എന്ന നിലയിൽ ഞാൻ നൽകിയ അപേക്ഷ പരിഗണിച്ച്, ബഹു. തദ്ദേസ സ്വയംഭരണ, എക്സൈസ് മന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്റർ കയർവ്യവസായത്തിന് കൈതാങ്ങായി ഒരു സുപ്രധാന ഉത്തരവ് സൂചന 2 പ്രകാരം പുറപ്പെടുവിച്ച വിവരം സസന്തോഷം അറിയിക്കട്ടെ. ഇത്തരത്തിൽ സർക്കാർ തീരുമാനമെടുക്കുന്നതിൽ കയർ വകുപ്പിന്റെ കൂടി ചുമതല വഹിക്കുന്ന ബഹു. സംസ്ഥാന വ്യവസായ, നിയമ മന്ത്രി പി. രാജീവിന്റെ സഹായവും പിന്തുമയും എടുത്തു പറയേണ്ടതാണ്.

ജൈവ പച്ചക്കറി കൃഷിയും മറ്റും നടപ്പിലാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൽ പ്ലാസ്റ്റിക് ഗ്രോ ബാഗുകളും കവറുകളും പകരം കയർഫെഡ് നിർമിക്കുന്ന പ്രകൃതി സൗഹൃദ ചെടിച്ചട്ടിയായ കൊക്കോപോട്ട് ടെൻഡർ കൂടാതെ വാങ്ങുന്നതിന് സ്റ്റോർ പർച്ചേസ് മാനുവലിൽ ആവശ്യമായ ഭേദഗതികൾ വരുത്തി കൊണ്ടാണ് ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്.

ചകിരിനാരും പ്രകൃതിദത്ത ലാറ്റക്സും ചേർത്താണ് കയർഫെഡ് പ്രകൃതി സൗഹൃദ ചെടിച്ചട്ടിയായ കൊക്കോ പോട്ട് നിർമ്മിക്കുന്നത്. ഈ പ്രകൃതി സൗഹൃദ ചെടിച്ചട്ടിയിൽ കയർ ഫെഡിന്റെ ചകിരിച്ചോർ ജൈവവളം നിറച്ച്, ജൈവ പച്ചക്കറി കൃഷിയും പുഷ്പകൃഷിയും മറ്റും നടത്തിയാൽ വെള്ളത്തിന്റെ വിനിയോഗം മൂന്നിലൊന്നായി കുറയും. വെള്ളം പിടിച്ചു നിറുത്താനുള്ള ചകിരിച്ചോറിന്റെ ശാസ്ത്രീയമായ ശേഷി കാരണം ലോകത്താകമാനം മണ്ണിന് ബദലായി ചികിരിച്ചോറ് ഉപയോഗിച്ചുള്ള കൃഷി വ്യാപകമാവുകയാണ്. ഈ സാധ്യതകൾ പരിഗണിച്ച് സംസ്ഥാനത്തെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏറ്റെടുകക്കുന്ന പദ്ധതികളിൽ ഈ ് പ്രകൃതി സൗഹൃദ ചെടിച്ചട്ടിയുടെ സാധ്യതകൾ കൂടി പ്രയോജനപ്പെടുത്തുകയാണെങ്കിൽ അത് നമ്മുടെ കാർഷിക മേഖലയ്ക്കും കയർ മേഖലയ്ക്കും പരിസ്ഥിതിക്കും വലിയൊരു കൈതാങ്ങായി അത് മാറുമെന്ന കാര്യത്തിൽ യാതൊരു സംശയവും ഇല്ല.

**നിലവിൽ കയർറഫെഡ് വിപണനം ചെയ്യുന്ന കൊക്കോപോട്ടിന്റെ സ്പെസിഫിക്കേഷനുകളും വിലവിവരവും ചുവടെ ചേർക്കുന്നു.**

| Item & Size | Rate (25%) | Discount | Net Amount | GST (5%) | G. Total |
|---|---|---|---|---|---|
| Cocopot 30 cm | 68 | 17 | 51 | 3 | 54 |
| Cocopot 26 cm | 51 | 12 | 39 | 2 | 41 |
| Cocopot 13 cm | 34 | 8 | 26 | 1 | 27 |
| Cocopot 25 cm X 21 cm X 15 cm | 77 | 19 | 58 | 3 | 61 |
| Cocopot 9 cm X 8 cm X 6 cm | 16 | 4 | 12 | 1 | 13 |
| Cocopot Standard | 44 | 11 | 33 | 22 | 35 |

കയർഫെഡിന്റെ മേൽപറഞ്ഞ പ്രകൃതി സൗഹൃദ ഉത്പന്നങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് താങ്കളുടെ ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഈ ഉത്പന്നങ്ങളുടെ വിനിയോഗം സംബന്ധിച്ച പദ്ധതികൾ ഉൾപ്പെടുത്തി സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. വിശദവിവരങ്ങൾക്ക് കയർഫെഡിന്റെ ആലപ്പുഴ ഹെഡ്ഢാഫീസിലെ മാർക്കറ്റിംഗ് വിഭാഗത്തിൽ 8281009828, 7012125867 എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

വിശ്വസ്തതയോടെ

**അഡ്വ. എൻ. സായികുമാർ**
ചെയർമാൻ


P.B.No. 4616, Alappuzha - 688 012, Kerala. Tel: 0477-2243627, 2243628, 2243629 (Office)
Direct - 0477-2246950 Mob: 9847334042 Fax: 0477-2244013
E-mail: coirfedho@gmail.com, nsayikuar@gmail.com, Website: www.coirfed.com, www.coirfed.kerala.gov.in



Coirfed
AN EXCELLENT ORGANIC MANURE CUM SOIL CONDITIONER FROM COIR PITH
Cocofert
AN EXCELLENT ORGANIC MANURE CUM SOIL CONDITIONER FROM COIR PITH
ഒരു പരിപൂർണ്ണ പരിസ്ഥിതി സൗഹാർദ്ദ ഉൽപ്പന്നം
100%
ചകിരിച്ചോറിൽനിന്നുള്ള ജൈവവളം
മണ്ണിന് കൂട്ടായി ഇനി
കൊക്കോഫെർട്ട്
കൊക്കോഫെർട്ട്
ചകിരിച്ചോറുപയോഗിച്ച് കയർഫെഡ് തയ്യാറാക്കുന്ന തികച്ചും പ്രകൃതിദത്തമായ ജൈവവളമാണ് കൊക്കോഫെർട്ട്. കാർഷികവിളകൾക്കും മറ്റും വളരാൻ അനുകൂല സാഹചര്യമൊരുക്കുന്ന കൊക്കോഫെർട്ട് മണ്ണിനോടൊപ്പം ചേർത്ത് ഉപയോഗിക്കാം. ചെടികളുടെ ആരോഗ്യകരമായ വളർച്ചയെ സഹായിക്കുന്ന ഒട്ടേറെ ഘടകങ്ങൾ ഇതിൽ അടങ്ങിയിട്ടു്. കൂടാതെ കുറഞ്ഞ വിലയും കൂടുതൽ ഗുണനിലവാരവും. വളരെ എളുപ്പത്തിൽ ആർക്കും ഉപയോഗിക്കാവുന്ന കൊക്കോഫെർട്ടിലൂടെ ഇനി എവിടേയും ചെടികളെ വളർത്താം, മണ്ണിനെ ഫലഭൂയിഷ്ഠമാക്കാം.
The Kerala State Co-operative Coir Marketing Federation Ltd.No. 679
PB. No. 4616, Alappuzha, Kerala, India, Tel: +91 4772243627, 2243628, 2243629, fax: +91 477 2244013
Website: www.coirfed.com, www.coirfed.kerala.gov.in, E-mail: coirfedho@gmail.com, mdcoirfed@gmail.com

**Cocofert**

AN EXCELLENT ORGANIC MANURE CUM SOIL CONDITIONER FROM COIR PITH



100%
ചകിരിച്ചോറിൽനിന്നുള്ള ജൈവവളം

## കൊക്കോഫെർട്ടിന്റെ സവിശേഷതകൾ

1. ഏത് മണ്ണിലും ഉപയോഗിക്കാം
2. ഈർപ്പം നിലനിർത്താനുള്ള മണ്ണിന്റെ ശേഷി വർദ്ധിപ്പിക്കുന്നു
3. മണ്ണിന്റെ സുഷിരാവസ്ഥയെ മെച്ചപ്പെടുത്തി വേരോട്ടത്തെ സഹായിക്കുന്നു
4. പ്രകൃതിദത്തമായ ഹോർമ്മോണുകളും എൻസൈമുകളും അടങ്ങിയിരിക്കുന്നു
5. പരിസ്ഥിതിക്ക് ഏറെ അനുയോജ്യം
6. മണ്ണിന്റെ സ്വാഭാവികത നിലനിർത്തുകയും കൂടുതൽ വിളവിനു സഹായിക്കുന്ന തരത്തിൽ മണ്ണിനെ പരിപോഷിപ്പിക്കുയും ചെയ്യുന്നു
7. ലാൻഡ് സ്കേപ്പിംഗ്, ഹോർട്ടികൾച്ചറൽ വിളകൾ, ചട്ടിയിൽ വളർത്തുന്ന സസ്യങ്ങൾ, ഫ്ളവർ ബെഡ് എന്നിവയ്ക്കും ഉപയോഗിക്കാം

## അടങ്ങിയിരിക്കുന്ന ഘടകങ്ങൾ

| | | |
|---|---|---|
| നൈട്രജൻ (N) | - | 1.25% |
| ഫോസ്ഫറസ് (P) | - | 0.06% |
| പോട്ടാസ്യം (k) | - | 1.20% |
| ലിഗ്നിൻ | - | 4.8% |
| സെല്ലുലോസ് | - | 10.00% |
| ഓർഗ്ഗാനിക് കാർബൺ | - | 24.00% |
| കാൽസ്യം | - | 0.50% |
| മഗ്നീഷ്യം | - | 0.48 % |
| C:N റേഷ്യോ | - | 19.1 |
| കോപ്പർ (PPM) | - | 6.20 |
| അയേൺ (PPM) | - | 0.90 |
| മാംഗനീസ് (PPM) | - | 25.00 |
| സിങ്ക് (PPM) | - | 15.80 |
| മോയിസ്ചർ | - | 50% |
| PH | - | 6.6 - 6.9 |





| | |
|---|---|
| തെങ്ങ് | - 6kg./ ചെടി |
| വാഴ | - 5kg./ ചെടി |
| കുരുമുളക് | - 5kg./ ചെടി |
| കമുക് | - 5kg./ ചെടി |
| ഏലം | - 5kg./ കൂട്ടം |
| കാപ്പി | - 5kg./ ചെടി |
| തേയില | - 5kg./ ചെടി |
| റബ്ബർ | - 2kg./ ചെടി |
| നെല്ല് | - 150kg./ ഏക്കർ |
| കപ്പ | - 2kg./ചെടി |
| വെറ്റില | - 2kg./ ചെടി |
| കൊക്കോ | - 2kg./ ചെടി |
| വാനില | - 1kg./ ചെടി |
| ജാതി | - 5kg./ ചെടി |
| തക്കാളി | - 0.3kg./ ചെടി |
| പയർ | - 0.3kg./ ചെടി |
| പടവലം | - 0.5kg./ ചെടി |
| ചേന | - 0.5kg./ ചെടി |
| ചേമ്പ് | - 0.5kg./ ചെടി |
| മഞ്ഞൾ | - 0.1kg./ ചെടി |
| ഇഞ്ചി | - 0.1kg./ ചെടി |
| കാബേജ് | - 0.3kg./ ചെടി |
| കാരറ്റ് | - 0.1kg./ ചെടി |
| ബീറ്റ്റൂട്ട് | - 0.1kg./ചെടി |
| മുളക് | - 0.3kg./ചെടി |
| വെ | - 0.3kg./ ചെടി |
| വഴുതന | - 0.3kg./ ചെടി |
| വെള്ളരി | - 1 kg./ ചെടി |
| മാവ് | - 6kg./മരം |
| പൈനാപ്പിൾ | - 1kg./ചെടി |
| മുന്തിരി | - 1kg./ചെടി |
| സപ്പോട്ട | - 3kg./ചെടി |
| റോസ് | - 0.75kg./ചെടി |
| ആന്തൂറിയം | - 0.5kg./ചെടി |
| ഓർക്കിഡ് | - 0.25kg./ചെടി |
| സീനിയ | - 0.25kg./ ചെടി |
| മുല്ല | - 0.3kg./ചെടി |
| സൂര്യകാന്തി | - 0.5kg./ ചെടി |
| ചെത്തി | - 0.3kg./ചെടി |
| ജമന്തി | - 0.3kg./ചെടി |
| തുളസി | - 0.3kg./ ചെടി |

**കോക്കോഫെർട്ട്**
പ്രകൃതിദത്തമായ ജൈവവളം





# മോർച്ചറി

മനോജ് ചന്ദ്രൻ

**അ**വസാനം എങ്ങനെയോ കണ്ണ് തുറന്നു. ശരീരത്താകെ നല്ല വേദനയുണ്ട്. നഴ്സ്മാർ മാലാഖമാരെ പോലെ ഒഴുകി നടക്കുന്നതായി തോന്നി. ശരീരം മുഴുവൻ കണ്ണോടിച്ചു നോക്കി പലയിടത്തും തുന്നി കെട്ടിയ പാടുകളുണ്ട്. ഇടയ്ക്കു അത്യാഹിത വിഭാഗത്തിൽ വരുന്ന നേഴ്സ് എന്റെ കയ്യ് പിടിച്ചു നോക്കുണ്ടായിരുന്നു. നഴ്സിനോട് എന്താണ് സംഭവിച്ചതെന്ന് ചോദിക്കണമെന്നുണ്ടായിരുന്നു. പക്ഷേ, ശബ്ദം പുറത്തു വരുന്നില്ല. കുറച്ചു നേരം ആ കാഴ്ചകളെലാം കണ്ടു കിടന്നു. വേദന ഉറക്കം കളഞ്ഞെങ്കിലും ക്ഷീണം ഉറക്കത്തെ മാടി വിളിച്ചു കൊണ്ടേ ഇരുന്നു.

എപ്പോഴാണ് ഉറങ്ങി പോയതെന്ന് അറിഞ്ഞില്ല. ഇടയ്ക്കു എപ്പോഴോ എണീറ്റപ്പോൾ മുഖത്തൊരു തുണിയിട്ടിരുന്നു. ജനലിനിടയിലൂടെ ചെറുതായി കാറ്റടിച്ചപ്പോൾ തുണി മാറി. ഒരു കണ്ണ് കൊണ്ട് ചുറ്റും നോക്കി എന്റെ ആരും കൂടെയില്ലായിരുന്നു. ഞാൻ നേരത്തെ കിടന്നിരുന്ന സ്ഥലമായിരുന്നില്ല അത്.ചുമരിൽ എഴുതിയിരുന്ന അക്ഷരങ്ങൾ വായിക്കാൻ നോക്കി. ''മോർച്ചറി'' എന്ന് എഴുതിയിരുന്നു.എനിക്ക് കാര്യം മനസിലായി ഞാൻ മരിച്ചിരിക്കുന്നു.

മോർച്ചറിക്ക് മുന്നിൽ നിന്ന ആളെ നോക്കി എനിക്ക് ചിരിക്കണമെന്നുണ്ടായിരുന്നു. പക്ഷേ, താടിയെല്ലുകൾ കൂട്ടികെട്ടിയിരുന്നാൽ എനിക്ക് കഴിഞ്ഞില്ല. മോർച്ചറി എന്ന് പുറമെ നിന്നല്ലാതെ ഉള്ളിൽ എങ്ങനെ എന്ന് അറിയാത്തതിനാൽ എനിക്ക് ഒരു ആകാംക്ഷ ഉണ്ടായിരുന്നു. സ്കൂളിൽ ആദ്യമായി ചേരാൻ പോകുമ്പോൾ ഉള്ള അവസ്ഥ. തന്നെ പോലെ അവിടെ ആരെങ്കിലും ഉണ്ടാകുമോ. അവിടെ എങ്ങനെ ആയിരിക്കും. മോർച്ചറി ആയതുകൊണ്ട് പ്രേതങ്ങൾ ഉണ്ടാകുമോ എന്ന ഭയവും. ഉള്ളിൽ നേരിയ വെളിച്ചമേ ഉണ്ടായിരുന്നോള്ളൂ. ലൈറ്റ് ഇട്ടപ്പോൾ നന്നായി കാണാം എന്നെ പോലെ കുറെ പേർ ഉണ്ട്. എല്ലാരും ഇന്ന് വന്നതാണെന്ന് തോന്നുന്നു. എല്ലാരും ഉറക്കത്തിലാണ്, ആരും എന്നെ ശ്രദ്ധിക്കുണ്ടായിരുന്നില്ല. എങ്ങും മൂകത. എനിക്ക് വീട്ടിലോട്ട് പോകണണമെന്നുണ്ടായിരുന്നു, പക്ഷേ കയ്യും കാലും കെട്ടിയിരിക്കുന്നതിനാൽ അനങ്ങാൻ പറ്റുന്നില്ല. മൂക്കിൽ പഞ്ഞി വെച്ചിരിക്കുന്നതിനാൽ ശ്വാസം നേരെ കിട്ടുന്നതും ഇല്ല. ഇടയ്ക്കിടെ അവിടെ കിടക്കുന്ന പലരെയും ബന്ധുക്കൾ വന്നു കൊണ്ട് പോയി.ലൈറ്റ് ഇട്ടപ്പോൾ ഉണർന്ന ഒരാൾ എന്നോട് ചോദിച്ചു.

'ഇപ്പോൾ വന്നതാണോ '

'അതെ'

'വീട്ടുകാർക്ക് അറിയാമോ ഇവിടെ ഉണ്ടെന്നു

ഞാൻ പറഞ്ഞു ''ഉണ്ടാകാൻ വഴിയില്ല''. അയാൾ തുടർന്നു ''അതാണ് എന്റെയും അവസ്ഥയും ഇന്നലെ മുതൽ കിടക്കാൻ തുടങ്ങിയതാ ആരും വന്നില്ല''.ഞാൻ വീണ്ടും ചോദിച്ചു

'ചേട്ടന്റെ പേരെന്താണ് '

അപ്പോൾ തന്നെ അങ്ങേരുടെ മറുപടിയും വന്നു.

'നമുക്ക് പേരിന്റെ ആവശ്യം ഉണ്ടോ സഹോദരാ, ഈ ഇരുട്ട് മുറിയിൽ കിടക്കുന്ന നമുക്ക് എന്തിനാണ് പേര്. ഈ മുറിക്കു പുറത്തുള്ളവർക്കേ പേരിന്റെ ആവശ്യകതയൊള്ളു. ''അതെ''ഞാൻ തലയാട്ടി. മരിച്ച എനിക്ക് എന്തിനാണ് പേര്.

സമയം കടന്നു പോയതേ അറിഞ്ഞില്ല ഇടയ്ക്കു എപ്പോഴോ മുഖത്തെ തുണി മാറ്റാൻ ആരോശ്രമിച്ചപ്പോൾ ഞാൻ കണ്ണ് തുറന്നു നോക്കി. എന്റെ വീട്ടുകാർ

ആയിരുന്നു. അവർ എന്നെ തിരിച്ചറിഞ്ഞിരിക്കുന്നു. ഡോക്ടർ കൂടെ ഉണ്ടായിരുന്നു. മരിച്ചിട്ട് കുറച്ചു നേരമേ ആയിട്ടുള്ളുവെന്നും, ആന്തരാവയവങ്ങൾ തരാൻ താല്പര്യം ഉണ്ടെങ്കിൽ ഈ പത്രത്തിൽ ഒപ്പിട്ടു തരണം എന്നും. ഏതു മറ്റുള്ളവരുടെ ജീവൻ രക്ഷിക്കും എന്ന് പറഞ്ഞപ്പോൾ ബന്ധുക്കളിൽ ഒരാൾ അതിൽ ഒപ്പിട്ടു കൊടുത്തു.

എല്ലാരും പുറത്തിറങ്ങിയപ്പോൾ ഒരാൾ എന്നെയും കൊണ്ട് വീണ്ടും പുറത്തിറങ്ങി. ഞാൻ കിടക്കയിൽ തന്നെ ആയിരുന്നു ഓപ്പറേഷൻ തിയേറ്ററിൽ കയറ്റി അവർ എന്നെ വെട്ടി മുറിച്ചു. വേദനിക്കുണ്ടായിരുന്നു, തലച്ചോർ മരിച്ചത് കൊണ്ട് അതുമാത്രം ബാക്കി വെച്ചു. എത്ര നേരം അങ്ങനെ കിടന്നെന്നറിയില്ല. എങ്ങോട്ടോ കൊണ്ട് പോകുന്ന പോലെ തോന്നിയപ്പോഴാണ് കണ്ണ് തുറന്നു നോക്കിയത്. മുന്നിൽ വീണ്ടും മോർച്ചറി. അറിയുന്ന ആരെയും കണ്ടില്ല അത്കൊണ്ട് അവർ എന്നെ വീണ്ടും അതിനുള്ളിലാക്കി. എങ്ങും നിശബ്ദത. നേരത്തെ കേട്ട ശബ്ദത്തിന്റെ ഉടമസ്ഥൻ ഉണ്ടോ എന്നറിയാനി 'ചേട്ടാ ഇവിടെ ഉണ്ടോ ' ശബ്ദം കേട്ടതേ ഇല്ല ഒരു മരണ മൂകത ആ മുറിയിൽ തളം കെട്ടിയിരുന്നു.

''ഹലോ ആരെങ്കിലും ഉണ്ടോ'' എന്ന സ്ത്രീ ശബ്ദം കേട്ടപ്പോഴാണ് ഞാൻ വീണ്ടും ഉണർന്നത്. പുതിയ ആളാണെന്നു തോന്നിയപ്പോൾ ഞാൻ ചോദിച്ചു.

'പുതിയ ആളാണല്ലേ എങ്ങനെയാ സംഭവം.'

'ഇന്ന് ബസ് അപകടം ഉണ്ടായില്ലേ അങ്ങനെ, ഇവിടെ കിടക്കുന്ന പലരും അങ്ങനെ ഉള്ളവരാണ് പുറത്തു പുറത്തു പറയുന്നുണ്ടായിരുന്നു'.

അതെ ഞാൻ ഓർത്തു നോക്കി. ആ ബസ്സിൽ ഞാനും ഉണ്ടായിരുന്നു.

'കുട്ടി ബസിൽ എവിടെയാ ഇരുന്നത്'.

'മുന്നിൽ '

'മുന്നിൽ ഒരു ചുവന്ന ഡ്രസ്സ് ഇട്ട കുട്ടിയാണോ '

'അതെ '

ചേട്ടൻ എവിടെയാ ഉണ്ടായിരുന്നത്.

'ഞാൻ നിൽക്കുണ്ടായിരുന്നു മുന്നിൽ '

കുറച്ചു നേരം അങ്ങനെ സംസാരിച്ചിരിക്കുമ്പോഴേക്കും എന്റെ ബന്ധുക്കൾ എത്തി. എന്നെ എടുത്തു വണ്ടിയിൽ കിടത്തി.

ആംബുലൻസ് ചീറി പാഞ്ഞു പായുന്നുണ്ടായിരുന്നു. എനിക്ക് ചുറ്റും ഇരിക്കുന്നവർ കരയുന്നതാണോ അതോ അഭിനയിക്കുന്നതാണോ എന്ന് തോന്നി. പുറത്തെ മരങ്ങളും ചില്ലകളും പുറകിലേക്ക് ഓടിക്കൊണ്ടേ ഇരിക്കുണ്ടായിരുന്നു. കണ്ണടച്ച് തുറക്കുമ്പോഴേക്കും വീടിന്റെ മുന്നിൽ എത്തിയിരുന്നു ആൾക്കാരുടെ നിലവിളി കാരണം എനിക്ക് ഇറങ്ങി ഓടണം എന്നുണ്ടായിരുന്നു. പക്ഷേ, കയ്യും കാലും കെട്ടിയിരിക്കുകയായിരുന്നു. കരച്ചിലിനിടയിൽ പലരും പലതും പറയുണ്ടായിരുന്നു മരിച്ചിട്ടും എന്നെ വെറുതെ വിടാത്ത ആൾക്കാരെ പോലെ തോന്നി.

കുറെ നേരത്തെ കോലാഹലങ്ങൾക്കിടയിൽ നിന്നും രക്ഷപെടുത്തികൊണ്ട് ആൾക്കാർ എന്നെയും കൊണ്ട് നടന്നു. ചുറ്റും നോക്കിയപ്പോൾ മനസിലായി, അത് സെമിത്തേരിയിലേക്കുള്ള വഴിയാണെന്ന്. ആ വഴി എനിക്ക് പണ്ടേ പരിചിതമായിരുന്നു. ഇതേ പോലെ ആൾക്കാരെ ചുമലിലേറ്റി ഈ വഴി വന്നിട്ടുണ്ട്. ഇപ്പോൾ ഞാൻ ആയിരുന്നു മറ്റുള്ളവരുടെ ചുമലിൽ. ആൾക്കാരുടെ നടത്തത്തിന്റെ ഓളത്തിൽ ഞാൻ മയങ്ങി പോയി.

മേലെ എന്തോ വീഴുന്ന പോലെ തോന്നിയപ്പോഴാണ് എണീറ്റത് കണ്ണ് തുറന്നു നോക്കി. ഞാൻ ഒരു കുഴിയിലാണ് മണ്ണ് മുകളിൽ നിന്ന് വീണു കൊണ്ടേ ഇരിക്കുന്നു. എഴുന്നേൽക്കണം എന്നുണ്ട്, പക്ഷേ നടക്കില്ല എന്ന് മനസിലായി. ആൾക്കാർ കുടിച്ച മദ്യത്തിന്റെ മണം അടിക്കുണ്ടായിരുന്നു. എന്തോ മനസിന് അസ്വസ്തത വന്നു. മണ്ണ് മൂടി കൊണ്ടേ ഇരുന്നു ഇപ്പോൾ ഒന്നും കാണാൻ പറ്റുന്നില്ല ഇരുട്ടാണ്. എന്റെ ഓർമ്മകളെയും കാഴ്ചകളെയും അവർ മണ്ണിട്ട് മൂടി കഴിഞ്ഞിരിക്കുന്നു. ഇതിനേക്കാൾ നല്ലതു മോർച്ചറി തന്നെയാണെന്നു എനിക്ക് തോന്നിപോയി. ഇപ്പോൾ ഒരു മണം അറിയുന്നുണ്ട് പുതു മണ്ണിന്റെ മണം.

# നിക്ഷേപസമാഹരണ യജ്ഞം: ലഭിച്ചത് 7253.65 കോടി രൂപ

**സം**സ്ഥാന സഹകരണ വകുപ്പ് പ്രഖ്യാപിച്ച നിക്ഷേപ സമാഹരണ യജ്ഞത്തിൽ സമാഹരിച്ചത് 7253.65 കോടി രൂപ. 6000 കോടി രൂപ ലക്ഷ്യമിട്ട യജ്ഞത്തിൽ 1253 കോടി രൂപയുടെ അധിക നിക്ഷേപം സഹകരണ സ്ഥാപനങ്ങൾ നേടിയതായി സഹകരണം, രജിസ്ട്രേഷൻ മന്ത്രി വി.എൻ വാസവൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

കോവിഡ് മഹാമാരി സൃഷ്ടിച്ച സാമ്പത്തിക പ്രയാസങ്ങൾക്കിടയിലാണ് നിക്ഷേപ സമാഹരണ യജ്ഞം നടത്താൻ തീരുമാനിച്ചത്. നിക്ഷേപ സമാഹരണ കാലയളവിൽ വിവിധ നിക്ഷേപങ്ങളായി കേരള ബാങ്കിനു മാത്രം 3375.54 കോടി രൂപ ലഭിച്ചു. 1025 കോടി രൂപയായിരുന്നു ലക്ഷ്യമിട്ടതെങ്കിലും 329 ശതമാനം അധികം നേടാൻ സഹകരണ വകുപ്പിന് സാധിച്ചു. എറണാകുളം ജില്ലയാണ് ഏറ്റവും കൂടുതൽ നിക്ഷേപ സമാഹരണം നടത്തിയത്. ജില്ലയിലെ വിവിധ സഹകരണ ബാങ്കുകളിലായി 506.89 കോടി രൂപയുടെ നിക്ഷേപമാണ് ലഭിച്ചത്. നിക്ഷേപക യജ്ഞത്തിൽ രണ്ടാം സ്ഥാനത്തുള്ള കണ്ണൂർ ജില്ലയിലെ സഹകരണ ബാങ്കുകളിൽ 463 കോടിയുടെ നിക്ഷേപം ഇക്കാലയളവിൽ ഉണ്ടായി.

സംസ്ഥാനത്തെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിലെ നിക്ഷേപം 1,14,105.72 കോടിയായി ഉയർന്നു. അർബൻ ബാങ്കുകളുടെ നിക്ഷേപം 16,663.31 കോടിയാണ്. സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളുടെ നിക്ഷേപം 335.04 കോടിയും ഇതര സഹകരണ സംഘങ്ങളുടെ നിക്ഷേപം 13,394.39 കോടിയുമാണ്.

എംപ്ലോയ്സ് കോ ഓപ്പറേറ്റീവ് സൊസൈറ്റികൾ, അഗ്രികൾച്ചറൽ കോ ഓപ്പറേറ്റീവ് സൊസൈറ്റികൾ, മൾട്ടി പർപ്പസ് സൊസൈറ്റികൾ എന്നിവരുടെ നിക്ഷേപം 27,89.14 കോടി രൂപയാണ്. സംസ്ഥാനത്ത് കേരള ബാങ്ക് ഒഴികെയുള്ള സഹകരണ സംഘങ്ങളിലായി ആകെ 2,46,524.99 കോടിയുടെ നിക്ഷേപം 2021–22 സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ ലഭിച്ചിട്ടുണ്ട്.

# ഇലക്ട്രിക് വാഹനങ്ങളെക്കുറിച്ചു പഠിക്കാം; തവനൂരിലും കുന്നന്താനത്തും കേന്ദ്രങ്ങൾ

## കോഴ്സുകൾ മികച്ച രീതിയിൽ പൂർത്തിയാക്കുന്നവർക്ക് ജോലി





**ഇ**ലക്ട്രിക് വാഹനങ്ങളെക്കുറിച്ചുള്ള കോഴ്സുകൾ പഠിപ്പിക്കുന്ന സെന്റർ ഓഫ് എക്സലൻസ് തവനൂരും കുന്നന്താനത്തും ആരംഭിക്കുന്നു. അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ്)കേരളയുംഇംപീരിയൽസൊസൈറ്റിഓഫ് ഇന്നൊവേറ്റീവ് എൻജിനിയേഴ്സും (ഐ.എസ്.ഐ.ഇ ഇന്ത്യ) സംയുക്തമായാണ് ഈ കേന്ദ്രങ്ങൾ തുടങ്ങുന്നത്. മലപ്പുറം ജില്ലയിലെ തവനൂരും പത്തനംതിട്ട ജില്ലയിലെ കുന്നന്താനത്തുമുള്ള അസാപ് കേരളയുടെ രണ്ട് കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളിലാണ് ഇലക്ട്രിക് വെഹിക്കിൾ സെന്റർ ഓഫ് എക്സലൻസ് സജ്ജീകരിക്കുക. എം.ജി മോട്ടോഴ്സ്, ഹീറോ ഇലക്ട്രിക്, ഒലെക്ട്രാ ഗ്രീൻ ടെക് എന്നിവയുടെ സഹകരണവുമുണ്ട്.

ഈ മികവിന്റെ കേന്ദ്രങ്ങൾ ഹൈബ്രിഡ്, ഇലക്ട്രിക് വാഹന മേഖലയിൽ വിദ്യാഭ്യാസപരവും തൊഴിൽപരവുമായ പങ്കാളിത്തം സുഗമമാകുന്നതിനായുള്ള രാജ്യത്തെ തന്നെ ആദ്യ സംരംഭമാണ്. കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ഐ.എസ്.ഐ.ഇ ഇന്ത്യയുമായി അസാപ് കേരള ധാരണാപത്രം ഒപ്പുവച്ചു.

സാങ്കേതിക ഡിപ്ലോമ, എൻജിനിയറിങ് വിദ്യാർഥികൾ എന്നിവർക്കാണ് പരിശീലനം ലഭിക്കുക. പരിശീലനം മികച്ച രീതിയിൽ പൂർത്തിയാക്കുന്നവർക്ക് ജോലിയും ഉറപ്പ് നൽകുന്നുണ്ട്.

ഇലക്ട്രിക് വാഹനങ്ങളുടെ പ്രവർത്തനം, നിർമാണം, ഡിസൈൻ തുടങ്ങിയവയിൽ മികച്ച അറിവ് പ്രദാനം ചെയ്യുന്ന കോഴ്സുകളാണ് കേന്ദ്രങ്ങളിൽ പഠിപ്പിക്കുക. പട്ടികജാതി വികസന വകുപ്പാണ് കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള ധനസഹായം നൽകുന്നത്. പട്ടികജാതി വിദ്യാർഥികളുടെ പരിശീലനത്തിന് ആവശ്യമായ ധനസഹായവും വകുപ്പ് നൽകും.

ഇലക്ട്രിക് വെഹിക്കിൾ പവർട്രെയിൻ സർട്ടിഫൈഡ് ഡിപ്ലോമ, ആർക്കിടെക്ചർ ആൻഡ് എനർജി സ്റ്റോറേജ്, സർട്ടിഫൈഡ് ഡിപ്ലോമ ഇൻ ഇലക്ട്രിക് വെഹിക്കിൾ ഡിസൈൻ സിമുലേഷൻ ആൻഡ് കമ്പോണന്റ് സെലക്ഷൻ, എക്സിക്യൂട്ടീവ് പിജി ഇൻ ഇലക്ട്രിക് വെഹിക്കിൾ എൻജിനിയറിങ് തുടങ്ങിയ കോഴ്സുകൾ ആദ്യ ഘട്ടത്തിൽ നൽകും. ഐ.എസ്.ഐ.ഇ യിലെ വിദഗ്ധരാണ് പരിശീലനം നൽകുക.

എസ്.എം.ഇ.വി (സൊസൈറ്റി ഓഫ് മാനുഫാക്ചറേഴ്സ് ഓഫ് ഇലക്ട്രിക്ക് വെഹിക്കിൾസ്), എ.എസ്.ഡി.സി (ഓട്ടോമോട്ടീവ് സ്കിൽ ഡെവലപ്മെന്റ് കൗൺസിൽ) എന്നിവയാണ് സർട്ടിഫിക്കേഷനും മൂല്യനിർണ്ണയവും നടത്തുക.

# കെ.എസ്.ആർ.ടി.സി സ്വിഫ്റ്റ് സർവീസ് മുഖ്യമന്ത്രി ഫ്ളാഗ് ഓഫ് ചെയ്തു

**കെ**.എസ്.ആർ.ടി.സിയുടെ സ്വിഫ്റ്റ് ബസുകൾ സർവീസ് ആരംഭിച്ചു. തമ്പാനൂർ കെ.എസ്.ആർ.ടി.സി ടെർമിനലിൽ നടന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഫ്ളാഗ് ഓഫ് ചെയ്തു. കെ.എസ്.ആർ.ടി.സിയെ അഭിവൃദ്ധിയിലേക്ക് നയിക്കാനുള്ള എല്ലാ ശ്രമങ്ങൾക്കും സർക്കാരിന്റെ പിന്തുണയുണ്ടാകുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

എ.സി സ്ലീപ്പർ, എ. സി സെമി സ്ലീപ്പർ, നോൺ എ. സി ഡീലക്സ് ബസുകളാണ് സ്വിഫ്റ്റിനു കീഴിൽ സർവീസ് നടത്തുന്നത്. ബംഗളൂരുവിലേക്കാണ് പ്രധാന സർവീസുകൾ. ഗതാഗത മന്ത്രി ആന്റണി രാജു അധ്യക്ഷത വഹിച്ചു. തദ്ദേശസ്വയംഭരണ മന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്റർ ഗ്രാമവണ്ടി ഗൈഡ്ബുക്ക് പ്രകാശനം ചെയ്തു.







കെ.എസ്.ആർ.ടി.സിയെ നല്ലരീതിയിൽ മുന്നോട്ടു കൊണ്ടുപോകുന്ന സംരംഭമായി സ്വിഫ്റ്റ് മാറുമെന്ന് മന്ത്രി അഭിപ്രായപ്പെട്ടു. എല്ലാവരും ഒത്തൊരുമിച്ചു കെ.എസ്. ആർ.ടി.സിയെ കരകയറ്റണം. ഫലപ്രദമായ കൂട്ടായ്മ സൃഷ്ടിച്ച് മുന്നോട്ടു പോകുന്നത് കെ.എസ്.ആർ.ടി. സിയ്ക്ക് ഭാവിയിൽ സഹായകരമാകുമെന്ന് മന്ത്രി പറഞ്ഞു.

വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി സ്വിഫ്റ്റ് വെബസൈറ്റ് പ്രകാശനം ചെയ്തു. നടക്കില്ലെന്ന് പറഞ്ഞ പദ്ധതികൾ കേരളം നടപ്പാക്കിക്കൊണ്ടിരിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. കെ.എസ്.ആർ.ടി.സിയിൽ ഇന്ന് ഒരു ചലനമുണ്ടായിട്ടുണ്ട്. കെ.എസ്.ആർ.ടി. സിയെ പഴയ പ്രതാപത്തിലേക്ക് ഉയർത്താനാണ് ശ്രമമെന്ന് മന്ത്രി പറഞ്ഞു. കെ.എസ്.ആർ.ടി.സി സ്വിഫ്റ്റ് ബസിൽ ആദ്യ റിസർവേഷൻ നടത്തിയവർക്ക് പൊതുവിതരണ വകുപ്പ് മന്ത്രി ജി. ആർ. അനിൽ സമ്മാനങ്ങൾ വിതരണം ചെയ്തു. കെ.എസ്.ആർ.ടി.സിയുടെ പുതിയ കാൽവയ്പ്പാണ് സ്വിഫ്റ്റെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. മേയർ ആര്യാ രാജേന്ദ്രൻ കെ.എസ്. ആർ.ടി.സി. ചെയർമാനും എം.ഡിയുമായ ബിജു പ്രഭാകർ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു. കെ.എസ്. ആർ.ടി.സി സ്വിഫ്റ്റിലേക്കുള്ള ഓൺലൈൻ ടിക്കറ്റ് റിസർവേഷൻ www.online.keralartc.com വഴിയും ente ksrtc മൊബൈൽ ആപ്പ് വഴിയും നടത്താം.

# പതിനാലാം പഞ്ചവത്സരപദ്ധതി മാർഗരേഖ തയ്യാറായി: മന്ത്രി

**പ**തിനാലാം പഞ്ചവത്സരപദ്ധതിയിലെ വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി ത്രിതല പഞ്ചായത്തുകൾ വാർഷിക പദ്ധതികൾ തയാറാക്കുന്നതിനുള്ള മാർഗരേഖയ്ക്ക് അംഗീകാരമായതായി തദ്ദേശസ്വയംഭരണ മന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. പ്രാദേശിക സാമ്പത്തിക വളർച്ചയുടെ പ്രഭവ കേന്ദ്രങ്ങളാക്കി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളെ മാറ്റുന്നതിനാണ് പതിനാലാം പദ്ധതി ലക്ഷ്യമിടുന്നത്. വൈവിദ്ധ്യമാർന്നതും ഭാവനാപൂർണവുമായ വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ പ്രാപ്തമായിക്കഴിഞ്ഞു. കോവിഡാനന്തര നവകേരള സൃഷ്ടിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വലിയ പങ്കുവഹിക്കാനുണ്ടെന്നും അദ്ദേഹം പറഞ്ഞു.



പതിനാലാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗരേഖ സുസ്ഥിര സാമ്പത്തിക വളർച്ചയ്ക്ക് ഊന്നൽ നൽകിക്കൊണ്ടാണ് തയാറാക്കിയിട്ടുള്ളത്. ആധുനിക വൈജ്ഞാനിക മേഖലകളുടെ പിൻബലത്തോടെ ഉത്പാദന വ്യവസ്ഥകളെ പുനരുജ്ജീവിപ്പിക്കാൻ സഹായിക്കുന്ന മാർഗരേഖയാണ് തയാറായത്. പ്രകൃതിദുരന്തങ്ങളെയും കാലാവസ്ഥ വ്യതിയാനത്തെയും അതിജീവിക്കുന്നതിനുള്ള കഴിവുകൾ ആർജ്ജിക്കാൻ സമൂഹത്തെ ഇത് സഹായിക്കും. 2022-23 വാർഷിക പദ്ധതി തയാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏപ്രിൽ 27നകം ആരംഭിച്ച് ജൂൺ 25നകം പൂർത്തീകരിക്കും. വാർഷിക പദ്ധതിയിൽ ആദ്യമാസങ്ങളിൽ ചെയ്യേണ്ട കാർഷിക മേഖലയിലടക്കമുള്ള പദ്ധതികൾ നിലവിൽ തയാറാക്കി പ്രവർത്തനം ആരംഭിച്ചു. 2023-24 മുതൽ 2026-27വരെയുള്ള ആസൂത്രണ പ്രവർത്തനം നവംബർ ഒന്നിന് തുടങ്ങി മാർച്ച് 7നകം പൂർത്തിയാക്കുമെന്ന് മന്ത്രി വ്യക്തമാക്കി.

എല്ലാ വിഭാഗം ജനങ്ങളുടെയും സമഗ്ര പുരോഗതിക്കുള്ള വഴികാട്ടിയാണ് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ മാർഗരേഖയെന്നും മന്ത്രി കൂട്ടിച്ചേർത്തു.

# മുഖ്യമന്ത്രി പിണറായി വിജയന്റെ വിഷു ആശംസകൾ

**എ**ല്ലാ മലയാളികൾക്കും മുഖ്യമന്ത്രി പിണറായി വിജയൻ വിഷു ആശംസകൾ നേർന്നു. ഐശ്വര്യത്തിന്റേയും സമൃദ്ധിയുടേയും പുതിയ പുലരിയെ വരവേൽക്കുന്ന വിഷു ആഘോഷം നാടിന്റെ കൂട്ടായ്മയ്ക്കും സാഹോദര്യത്തിനും കരുത്ത് വർധിപ്പിക്കുന്നതാകട്ടെയെന്നു മുഖ്യമന്ത്രി പറഞ്ഞു. കേരളത്തിന്റെ കാർഷിക സംസ്കാരത്തിന്റെ പ്രാധാന്യം വിഷു നമ്മെ ഓർമ്മിപ്പിക്കുന്നു. നഷ്ടപ്പെട്ടുകൊണ്ടിരുന്ന നാടിന്റെ കാർഷിക പാരമ്പര്യത്തെ ആവേശപൂർവ്വം നാമിന്നു തിരിച്ചു പിടിക്കുകയാണ്. നെൽകൃഷിയും പച്ചക്കറി ഉത്പാദനവുമെല്ലാം വീണ്ടും മികവിലേയ്ക്കുയരുന്നു. സമൂഹത്തിന്റെ ഐക്യം എക്കാലത്തേക്കാളും പ്രസക്തമായ ഈ ഘട്ടത്തിൽ സ്നേഹവും സാഹോദര്യവും നിറഞ്ഞ മനസ്സോടെ ഒത്തൊരുമിച്ച് നമുക്ക് വിഷു ആഘോഷിക്കാം. കോവിഡ് മഹാമാരി തീർത്ത പ്രതിസന്ധികളുടെ നാളുകൾ മറികടന്നു പുതിയ കുതിപ്പിനായി കേരളം തയ്യാറെടുക്കുകയാണ്. നാടിന്റെ സമഗ്രവും സർവതലസ്പർശിയുമായ ക്ഷേമവും വികസനവും ഉറപ്പു വരുത്താൻ നമുക്ക് കൈകോർക്കാം. വിഷുവിന്റെ സന്ദേശം പരസ്പരം പങ്കു വച്ച് ശോഭനമായ പുതിയ കാലത്തേയ്ക്ക് ഉറച്ച കാൽവയ്പുകളുമായി മുന്നേറാമെന്നും മുഖ്യമന്ത്രി പറഞ്ഞു.

# 'ഞങ്ങളും കൃഷിയിലേക്ക്' പദ്ധതി കൂടുതൽ ജനകീയമാക്കണം: മുഖ്യമന്ത്രി

**കൃ**ഷിവകുപ്പിനൊപ്പം തദ്ദേശ സ്വയം ഭരണം, ജലസേചനം, സഹകരണം, വ്യവസായം തുടങ്ങി വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ ഞങ്ങളും കൃഷിയിലേക്ക് പദ്ധതി ജനകീയമാക്കി മാറ്റാമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അഭിപ്രായപ്പെട്ടു. ഭക്ഷ്യ സ്വയം പര്യാപ്തതയും സുരക്ഷിത ഭക്ഷ്യ ഉത്പാദനവും ലക്ഷ്യമിട്ട് കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന ജനകീയ പദ്ധതിയായ 'ഞങ്ങളും കൃഷിയിലേക്ക്' പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ഓൺലൈനിൽ നിർവഹിക്കുകയായിരുന്നു. കൃഷിമന്ത്രി പി. പ്രസാദ് ചടങ്ങിന് അധ്യക്ഷത വഹിച്ചു. കാർഷികമേഖലയിൽ ശാസ്ത്രീയമായ രീതികൾ അവലംബിക്കുന്നതിലൂടെ ഭക്ഷ്യ ഉത്പാദനവും ഉത്പാദനക്ഷമതയും വരുമാനവും വർദ്ധിപ്പിക്കുവാൻ കഴിയുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

കൃഷിക്ക് ഏറ്റവും ആവശ്യമായ ഘടകം ജലസേചനമാണ്. ജലത്തിന്റെ കാര്യക്ഷമമായ ഉപയോഗം വിളകളിൽ ഉത്പാദനക്ഷമത വർദ്ധിപ്പിക്കും. ആവശ്യത്തിലധികം ജലം കൃഷിക്ക് ഉപയോഗിക്കുന്ന പ്രവണത സാധാരണയുണ്ട്. എന്നാൽ ജലസേചനത്തിന്റെ കാര്യക്ഷമത വർധിപ്പിക്കുന്നതിന് നൂതന സാങ്കേതിക വിദ്യകൾ തെരഞ്ഞെടുക്കേണ്ട തായിട്ടുണ്ട്. ഇതിലൂടെ ഉത്പാദനവും നമുക്ക് വർദ്ധിപ്പിക്കുവാനാകും. ഉത്പാദനം വർദ്ധിക്കുമ്പോൾ ഉത്പന്നങ്ങൾ കാര്യക്ഷമമായി ഉപയോഗപ്പെടുത്തിയില്ലെങ്കിൽ വൻ നഷ്ടം സംഭവിക്കും. ആയതിനാൽ ഉത്പാദനവും വിപണനവും ഒരേ പോലെ കൈകാര്യം ചെയ്യുവാൻ നമുക്ക് കഴിയണം.

കാർഷികോത്പന്നങ്ങൾ അധികമാകുമ്പോൾ അവ സൂക്ഷിക്കുന്നതിനും സംഭരിക്കുന്നതിനും സംവിധാനമുണ്ടാകണം, ശീതീകരണ സംവിധാനങ്ങൾ ഉണ്ടാകണം. ഉത്പന്നങ്ങൾക്ക് വിദേശ വിപണി കണ്ടെത്തുന്നതിനും സാധിക്കണം. സംഭരിക്കുവാൻ സംവിധാനം ഉണ്ടായാൽ ഉത്പന്നങ്ങൾ മൂല്യ വർധനവ് നടത്തി വരുമാനം വർദ്ധിപ്പിക്കുവാനും സാധിക്കും. പരമ്പരാഗത കാർഷിക വിദ്യകളോടൊപ്പം നൂതന മാർഗങ്ങൾ കൂടി കർഷകർ സ്വീകരിക്കേണ്ടതായിട്ടുണ്ട്.

പച്ചക്കറികൃഷിയിൽ നല്ലൊരു മുന്നേറ്റം ഉണ്ടായിട്ടുണ്ട്. ഈ മേഖലയിൽ നമ്മൾ സ്വയംപര്യാപ്തതക്കായി പരിശ്രമിച്ചു കൊണ്ടിരിക്കുകയാണ്. ചെറുധാന്യങ്ങൾ, നാണ്യവിളകൾ, എന്നിവയുടെ കാര്യത്തിലും നല്ലൊരു പുരോഗതി സംസ്ഥാനം കൈവരിച്ചിട്ടുണ്ട്. നാളികേര മേഖലയുടെ വികസനത്തിനായി ഗുണമേൻമയുള്ള തെങ്ങിൻ തൈകളുടെ വിതരണം വളരെ മുമ്പ് തന്നെ ആരംഭിച്ച പദ്ധതിയാണ്. ഇത് ഇപ്പോഴും തുടർന്നുവരുന്നു. ഇത്തരത്തിൽ ഭക്ഷ്യ സ്വയംപര്യാപ്തതക്കുള്ള ഒട്ടനവധി നടപടികൾ കഴിഞ്ഞ സർക്കാരിന്റെ തുടർച്ചയായി ഈ സർക്കാരും സ്വീകരിച്ചിട്ടുണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞു.

ഭക്ഷണം വില്ലനായി മാറുന്ന അവസ്ഥ സമൂഹത്തിൽ നിലനിൽക്കുകയാണെന്നും 40 ശതമാനം ക്യാൻസർ രോഗങ്ങൾക്കും കാരണം നമ്മൾ കഴിക്കുന്ന ഭക്ഷണമാണെന്നും ഉദ്ഘാടന ചടങ്ങിന് അധ്യക്ഷത വഹിച്ച കൃഷിമന്ത്രി പി. പ്രസാദ് അഭിപ്രായപ്പെട്ടു. പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്നത് പ്രയാസമുള്ള കാര്യമല്ല. വിഷരഹിത ഭക്ഷണം ഉറപ്പുവരുത്തുന്നതിൽ ജനങ്ങൾ കൂടുതൽ ജാഗ്രത പുലർത്തണം. പ്രാദേശിക ഉത്പന്നങ്ങളുടെ വിപണനത്തിന് വിവരസാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തിയുള്ള സംവിധാനങ്ങൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതായി മന്ത്രി സൂചിപ്പിച്ചു.

സ്റ്റാർട്ടപ്പുകളെ ഉപയോഗപ്പെടുത്തി 140 മണ്ഡലങ്ങളിലും ഇത്തരം സംരംഭങ്ങൾ പ്രാഥമിക ഘട്ടത്തിൽ ആരംഭിക്കും. ഓരോ പഞ്ചായത്തിലും ഒരു മൂല്യവർദ്ധന സംരംഭമെങ്കിലും തുടങ്ങുവാൻ പദ്ധതിയുണ്ട്. മൂല്യവർധന മിഷൻ ഇതിനകംതന്നെ സർക്കാർ പ്രഖ്യാപിച്ച കാര്യമാണ്. ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായി 10000 കൃഷികൂട്ടങ്ങൾ ആരംഭിക്കുമെന്നും മന്ത്രി പറഞ്ഞു.

ഇതിൽ 80 ശതമാനം കൃഷി കൂട്ടങ്ങൾ ഉത്പാദന മേഖല കേന്ദ്രീകരിച്ചും 20 ശതമാനം വിപണന മേഖല കേന്ദ്രീകരിച്ചുമായിരിക്കും. ഞങ്ങളും കൃഷിയിലേക്ക് എന്നത് ഒരു വകുപ്പിന്റെ യും പദ്ധതിയല്ല, മറിച്ച് ഓരോ കുടുംബത്തിന്റെയും പദ്ധതിയാണെന്നും കൃഷിമന്ത്രി വ്യക്തമാക്കി.

# ഖാദിയെ ലോകശ്രദ്ധയിലെത്തിക്കാൻ 'കേരള ഖാദി' ബ്രാൻഡ് പുറത്തിറക്കും: മന്ത്രി പി. രാജീവ്

**സം**സ്ഥാനത്തിന്റെ ഖാദി ഉത്പന്നങ്ങളെ ലോക ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി 'കേരള ഖാദി' എന്ന പേരിൽ പ്രത്യേക ബ്രാൻഡ് പുറത്തിറക്കുമെന്നു വ്യവസായ മന്ത്രി പി. രാജീവ്. വ്യാജ ഖാദി വിപണിയിലെത്തുന്നതു തടയാൻ ഇതുവഴി കഴിയുമെന്നു മന്ത്രി പറഞ്ഞു. തിരുവനന്തപുരം അയ്യങ്കാളി ഹാളിൽ ഖാദി ബോർഡ് സംഘടിപ്പിക്കുന്ന 'ഖാദി ഷോ 2022'ന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

ഖാദി ബോർഡിന്റെ സർട്ടിഫൈഡ് സംരംഭകർക്കു 'കേരള ഖാദി'യെന്ന ബ്രാൻഡ് ഉപയോഗിക്കാൻ അനുമതി നൽകുന്നതോടെ വിപണിയിലെത്തുന്ന ഖാദി ഒറിജിനലാണോ വ്യാജനാണോയെന്ന് ഉപയോക്താവിന് അറിയാനാകും. പുതുതലമുറയെ ആകർഷിക്കത്തക്ക നവീന വസ്ത്ര വൈവിധ്യങ്ങൾ വിപണിയിലെത്തിക്കാൻ ബോർഡിനു കഴിഞ്ഞിട്ടുണ്ട്. വിപണി ആകർഷകമാക്കുന്നതിനു ഷോറൂം ജീവനക്കാർക്കു പ്രത്യേക പരിശീലനം നൽകി. ബോർഡിന്റെ അത്യാധുനിക ഷോറൂം തിരുവനന്തപുരം വഞ്ചിയൂരിൽ ആരംഭിച്ചു. ഡിസൈനർമാരുടെ സേവനം ഇവിടെ ഏർപ്പെടുത്തി. ഷോറൂമുകളിൽ ലോൺഡ്രി, ഓൾട്രേഷൻ സൗകര്യവും ഇപ്പോൾ ലഭ്യമാണ്. ഇ-കൊമേഴ്സിൽ ഖാദി ഉത്പന്നങ്ങൾ ലഭ്യമാക്കുന്നതിനായി ഫ്ളിപ്കാർട്ടുമായി ബോർഡ് ധാരണാപത്രം ഒപ്പുവച്ചതായി മന്ത്രി പറഞ്ഞു.



നടപ്പു സാമ്പത്തിക വർഷം സംസ്ഥാനത്ത് ഒരു ലക്ഷം പുതിയ സംരംഭങ്ങൾ ആരംഭിക്കുക എന്ന ലക്ഷ്യത്തിൽ തുടങ്ങിയ പദ്ധതിയിൽ ഖാദി - ഗ്രാമ വ്യവസായ മേഖലയ്ക്കു വലിയ സംഭാവന ചെയ്യാൻ കഴിയും. ഗ്രാമീണ വ്യവസായ മേഖലയിലടക്കം വൻ മുന്നേറ്റമുണ്ടാക്കാനുള്ള പ്രവർത്തനങ്ങളാണ് ഖാദി ബോർഡ് ലക്ഷ്യമിടുന്നതെന്നും മന്ത്രി പറഞ്ഞു.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി കേരള യുടെ സാങ്കേതിക സഹായത്തോടെ നിർമിച്ച പുതിയ ഖാദി വസ്ത്രങ്ങളുടെ ലോഞ്ചിംഗ് ഖാദി ബോർഡ് വൈസ് ചെയർമാൻ പി. ജയരാജനുമായി ചേർന്നു മന്ത്രി നിർവഹിച്ചു. ഗതാഗത മന്ത്രി ആന്റണി രാജു അധ്യക്ഷത വഹിച്ചു. കൗൺസിലർ പാളയം രാജൻ, ഖാദി ബോർഡ് അംഗങ്ങളായ എസ്. ശിവരാമൻ, അഡ്വ. കെ.പി. രണദിവെ, സി.കെ. ശശിധരൻ, കെ.എസ്. രമേഷ് ബാബു, സാജൻ തോമസ്, കെ. ചന്ദ്രശേഖരൻ, ഫിനാൻഷ്യൽ അഡ്വൈസർ പി. സുരേശൻ, ഡയറക്ടമാരായ എം. സുരേഷ് ബാബു, കെ.വി. ഗിരീഷ് കുമാർ, കെ.പി. ദിനേഷ് കുമാർ, കെ.കെ. ചാന്ദിനി തുടങ്ങിയവർ പങ്കെടുത്തു.




# ഓഡിറ്റ് റിപ്പോർട്ട് പൂർത്തിയാകാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടി: മന്ത്രി പി. രാജീവ്

**കൃ**ത്യ സമയത്ത് ഓഡിറ്റ് റിപ്പോർട്ട് പൂർത്തിയാക്കാത്ത പൊതുമേഖലാ സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുമെന്ന് മന്ത്രി പി. രാജീവ് പറഞ്ഞു. കൃത്യമായ ഓഡിറ്റും ലാഭകരമായ പ്രവർത്തനവും ഉണ്ടെങ്കിൽ മാത്രമേ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നിലനിൽക്കാൻ കഴിയൂ. ഓഡിറ്റ് റിപ്പോർട്ട് അടിസ്ഥാനമാക്കി മാത്രമേ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്ന കാര്യം പരിഗണിക്കൂ എന്നും മന്ത്രി പറഞ്ഞു. ജൂൺ 17 നകം എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും സാമ്പത്തിക വർഷത്തെ റിപ്പോർട്ട് സമർപ്പിക്കണം. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരം നൽകാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള വിദഗ്ധ സമിതി റിപ്പോർട്ട് സർക്കാരിന് കൈമാറുന്ന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

സ്ഥാപനങ്ങളുടെ പ്രവർത്തന കാര്യങ്ങളിൽ കൂടുതൽ സ്വയംപര്യാപ്തത നേടാൻ ശ്രമിക്കണമെന്നും മന്ത്രി വ്യക്തമാക്കി. സർക്കാരിന് കീഴിലുള്ള 42 പൊതുമേഖലാ സ്ഥാപനങ്ങളിൽ 21 എണ്ണം ലാഭകരമായി പ്രവർത്തിക്കുന്നുണ്ട്. അടുത്ത വർഷം കൂടുതൽ സ്ഥാപനങ്ങൾ ലാഭത്തിന്റെ പാതയിലേക്കെത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. മൂന്നു വർഷം തുടർച്ചയായി ലാഭകരമായ രീതിയിൽ പ്രവർത്തിക്കുന്നതും ഓഡിറ്റ്

കൃത്യമായി സമർപ്പിക്കുന്നതുമായ സ്ഥാപനങ്ങൾക്ക് 10 കോടി രൂപ വരെയുള്ള ഇടപാടുകളിൽ സ്വയം തീരുമാനമെടുക്കാം. ഓരോ വർഷവും മികച്ച രീതിയിൽ പ്രവർത്തിക്കുന്ന സ്ഥാപനം, എം.ഡി എന്നിവർക്ക് സർക്കാർ പുരസ്കാരം നൽകും.

പൊതുമേഖലാ സ്ഥാപനങ്ങളുടെ സാമ്പത്തികവും പ്രവർത്തനപരവുമായ അധികാരങ്ങൾ കൈമാറുന്നതിനായി 28 വിഷയങ്ങൾ വിദഗ്ധ സമിതി ശുപാർശ ചെയ്തിട്ടുണ്ട്. ധനകാര്യം, പ്രോജക്ട് നടപ്പാക്കൽ, എച്ച്.ആർ, ജനറൽ അഡ്മിനിസ്ട്രേഷൻ, പാർട്ണർഷിപ്പ് തുടങ്ങിയ മേഖലകളിലാണ് സ്വയംഭരണാധികാരം നൽകുന്നത്.

വിദഗ്ധസമിതി റിപ്പോർട്ട് സമിതി ചെയർമാൻ പോൾ ആന്റണി മന്ത്രിക്ക് കൈമാറി. കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിന്റെ ലോഗോ പ്രകാശനവും മന്ത്രി നിർവഹിച്ചു. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം മുഹമ്മദ് ഹനീഷ് അധ്യക്ഷനായി. റിയാബ് ചെയർമാൻ ആർ. അശോക്, ടി.സി.സി.എൽ എം.ഡി.കെ. ഹരികുമാർ, ബി.പി.സി.എൽ കൊച്ചിൻ റിഫൈനറി മുൻ എക്സിക്യൂട്ടീവ് ഡയറക്ടർ പ്രസാദ് കെ. പണിക്കർ എന്നിവരും വാണിജ്യ വ്യവസായ വകുപ്പുകളിലെ മറ്റ് ഉന്നത ഉദ്യോഗസ്ഥരും പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജിങ് ഡയറക്ടർമാരും യോഗത്തിൽ പങ്കെടുത്തു.

# കോസ് മോസ് മലബാറിക്കസ്, പെയിന്റ് അക്കാഡമി പദ്ധതികൾക്കായി നെതർലൻഡ്സുമായി ധാരണ



## ● മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ധാരണാപത്രം ഒപ്പുവച്ചു

**പ**തിനെട്ടാം നൂറ്റാണ്ടിലെ കേരള ചരിത്രം കൂടുതൽ വ്യക്തമാക്കാൻ സഹായിക്കുന്ന കോസ്മോസ് മലബാറിക്കസ് പദ്ധതിക്കും കൊല്ലത്തും മലപ്പുറത്തും പെയിന്റ് അക്കാഡമികൾ സ്ഥാപിക്കുന്നതിനും കേരളവും നെതർലൻഡ്സും തമ്മിൽ ധാരണാപത്രം ഒപ്പുവച്ചു. മുഖ്യമന്ത്രി പിണറായി വിജയന്റേയും ഇന്ത്യയിലെ നെതർലൻഡ്സ് അംബാസഡർ മാർട്ടൻ വാൻ ഡെൻ ബെർഗിന്റേയും സാന്നിധ്യത്തിലാണ് ഒപ്പുവച്ചത്. ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ചും നെതർലൻഡ് നാഷണൽ ആർക്കൈവ്സും ലെയ്ഡൻ സർവകലാശാലയും സംയുക്തമായാണ് കോസ്മോസ് മലബാറിക്കസ് പദ്ധതി നടപ്പാക്കുന്നത്. ആറ് വർഷം കൊണ്ട് പദ്ധതി പൂർത്തിയാകും.

അസാപ് (അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം), കൊല്ലം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ, ക്രെഡായ് കേരള, നെതർലൻഡ്സിലെ പ്രമുഖ പെയിന്റ് ആന്റ് കെമിക്കൽ കമ്പനിയുടെ ഇന്ത്യൻ സബ്സിഡിയറിയായ അക്സോ നോബൽ ഇന്ത്യ ലിമിറ്റഡ് എന്നിവരാണ് പെയിന്റ് അക്കാഡമി സ്ഥാപിക്കുന്നതിനുള്ള ധാരാണാപത്രം ഒപ്പുവച്ചത്. കൊല്ലം ഐ.ഐ.ഐ.സി കാമ്പസിലെ പെയിന്റ് അക്കാഡമിയിൽ കെട്ടിട പെയിന്റിംഗിലും മലപ്പുറം തവനൂരിലെ അസാപ് സ്കിൽ പാർക്കിലെ അക്കാഡമിയിൽ വാഹന പെയിന്റിംഗിലുമാണ് പരിശീലനം. ആദ്യ വർഷം 380 പേർക്ക് പരിശീലനം നൽകും.

ഭാവി തലമുറയ്ക്ക് വേണ്ടിയുള്ള നമ്മുടെ ചുമതലയാണ് ചരിത്ര സംഭവങ്ങളുടെയും രേഖകളുടെയും പരിപാലനമെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഫ്ളോറികൾച്ചർ, ദുരന്ത നിവാരണം തുടങ്ങിയ മേഖലകളിലും ഡച്ച് സഹകരണം പ്രതീക്ഷിക്കുന്നു. ഉന്നത വിദ്യാഭ്യാസത്തിൽ മികച്ച നിലവാരത്തിലുള്ള പഠന വേദിയാകാനുള്ള ഒരുക്കത്തിലാണ് കേരളമെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഇന്ത്യയുമായി, പ്രത്യേകിച്ച് കേരളവുമായി മികച്ച ബന്ധമാണ് നെതർലൻഡ്സിനുള്ളതെന്ന് അംബാസഡർ മാർട്ടൻ വാൻ ഡെൻ ബെർഗ് പറഞ്ഞു. കേരളത്തിന്റെ രാഷ്ട്രീയ, സാമൂഹ്യ, സാമ്പത്തിക, സാംസ്കാരിക ചരിത്രത്തെക്കുറിച്ച് കൂടുതൽ മനസിലാക്കാൻ കോസ്മോസ് മലബാറിക്കസ് സഹായിക്കും. പെയിന്റ് അക്കാഡമി കൂടുതൽ യുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കാൻ ഉതകുന്നതാണെന്നും അദ്ദേഹം പറഞ്ഞു.

കോസ്മോസ് മലബാറിക്കസിന്റെ ഭാഗമായി കേരളത്തിലെ വിദ്യാർത്ഥികൾക്ക് ലെയ്ഡൻ സർവകലാശായിൽ എം.എ ബിരുദ പഠനത്തിനും നെതർലൻഡ്സിലെ വിദ്യാർത്ഥികൾക്ക് കെ.സി.എച്ച്.ആറിൽ കോസ്മോസ് മലബാറിക്കസ് പദ്ധതിയുടെ ഭാഗമായി ഇന്റേൺഷിപ്പിനും അവസരം ലഭിക്കും.

വിവിധ ധാരണാപത്രങ്ങൾ കേരളത്തിനു വേണ്ടി

കെ.സി.എച്ച്.ആർ ഡയറക്ടർ പ്രൊഫ. ജി. അരുണിമ, അസാപ് ചെയർമാനും എം.ഡിയുമായ ഉഷ ടൈറ്റസ്, ക്രെഡായി കേരള പ്രതിനിധി എസ്.എൻ. രഘുചന്ദ്രൻ നായർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷന്റെ ഡോ. ബി. സുനിൽ കുമാർ എന്നിവർ ഒപ്പുവച്ചു.

തൊഴിൽ മന്ത്രി വി. ശിവൻകുട്ടി, ഉന്നതവിദ്യാഭ്യാസ മന്ത്രി ഡോ.ആർ. ബിന്ദു, ചീഫ് സെക്രട്ടറി ഡോ. വി.പി. ജോയ്, ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ഡോ. വേണുരാജാമണി, നെതർലൻഡ്സ് ഡെപ്യൂട്ടി കോൺസൽ ജനറൽ ഹെയിൻ ലഗ്വീൻ, അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. വി. വേണു, തൊഴിൽ വകുപ്പ് സെക്രട്ടറി മിനി ആന്റണി, കെയ്സ് എം. ഡി കെ. ഗോപാലകൃഷ്ണൻ, കെ.സി.എച്ച്.ആർ ചെയർമാൻ പ്രൊഫ. മൈക്കിൾ തരകൻ, അക്സോ നോബൽ ഡയറക്ടർ ഹർഷിറസ്തൊഗി, ക്രെഡായ് കേരള ചെയർമാൻ എം.എ. മെഹബൂബ്, യു.എൽ.സി.സി.എസ് ചെയർമാൻ രമേശൻ പലേരി, മറ്റു വകുപ്പുതല ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

നെതർലൻഡ്സ് നാഷണൽ ആർക്കൈവ്സ്, ലെയ്ഡൻ സർവകലാശാല പ്രതിനിധികൾ ഓൺലൈനിൽ ചടങ്ങിൽ സംബന്ധിച്ചു.

# രാജ്യത്തെ ഏറ്റവും മികച്ച നിയമസഭ കേരളത്തിലേത്: സ്പീക്കർ




**രാ**ജ്യത്ത് ഏറ്റവും ജനാധിപത്യപരമായും കാര്യക്ഷമമായും പ്രവർത്തിക്കുന്ന നിയമസഭയാണു കേരള നിയമസഭയെന്നു സ്പീക്കർ എം.ബി. രാജേഷ്. ജനാധിപത്യത്തിന്റെ ഉന്നത വേദിയെന്ന നിലയിലും ചർച്ചകളുടേയും സംവാദങ്ങളുടേയും ഉയർന്ന തലമെന്ന നിലയിലും രാജ്യത്തെ എല്ലാ നിയമസഭകൾക്കും കേരള നിയമസഭയിൽനിന്നു നിരവധി കാര്യങ്ങൾ പഠിക്കാനുണ്ടെന്നും അദ്ദേഹം പറഞ്ഞു. ആസാദി കാ അമൃത് മഹോത്സവിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന പവർ ഓഫ് ഡെമോക്രസി - നാഷണൽ വിമൻ ലെജിസ്ലേറ്റേഴ്സ് കോൺഫറൻസ് കേരള 2022ന്റെ ലോഗോയും വെബ്സൈറ്റും പ്രകാശനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

രാജ്യത്തു നിയമ നിർമാണ സഭകളുടെ സമ്മേളനങ്ങൾ ചേരുന്ന ദിവസങ്ങളിൽ ഗണ്യമായ കുറവുണ്ടാകുന്നതായി സ്പീക്കർ ചൂണ്ടിക്കാട്ടി. ലോക്സഭയുടേയും സംസ്ഥാന നിയമസഭകളുടേയും സമ്മേളന ദിവസങ്ങളിൽ ഈ കുറവു സാരമായുണ്ട്. എന്നാൽ, കഴിഞ്ഞ വർഷം 61 ദിവസം കേരള നിയമസഭ സമ്മേളിച്ചു. ഈ കാലയളവിൽ രാജ്യത്ത് ഏറ്റവും കൂടുതൽ ചേർന്ന സഭ കേരള നിയമസഭയാണ്. ലോക്സഭ സമ്മേളിച്ച ദിനങ്ങളേക്കാൾ കൂടുതലാണിത്. സംസ്ഥാനങ്ങളിലെ നിയമസഭാ സമ്മേളന ദിനങ്ങളുടെ 1951 മുതലുള്ള കണക്കു പരിശോധിച്ചാൽ എല്ലായിടത്തും വലിയ കുറവുണ്ടായിട്ടുണ്ടെന്നു വ്യക്തമാകും. ഇതിൽത്തന്നെ ഏറ്റവും കൂടുതൽ സമ്മേളന ദിനങ്ങൾ നടന്നതു കേരള നിയമസഭയിലാണ്. കേരള നിയമസഭ കഴിഞ്ഞ വർഷം 21 ദിവസം പൂർണമായി നിയമനിർമാണത്തിനു മാത്രമായി ചേർന്നു. ഇതും അഭിമാന നേട്ടമാണ്. രാജ്യത്തെ പല സഭകളും ചേരുന്നതു ബജറ്റ് സമ്മേളനങ്ങൾക്കു മാത്രമായിട്ടാണെന്ന സാഹചര്യം നിലനിൽക്കെയാണിത്. നിയമ നിർമാണത്തിന്റെ ഗുണമേന്മയും കേരളത്തിൽ മെച്ചപ്പെട്ടതാണ്. സഭാംഗങ്ങൾ മത്സരബുദ്ധിയോടെയും സൂക്ഷ്മമായുമാണ് ഇതിൽ പങ്കെടുക്കുന്നത്. ആരോഗ്യകരമായ മത്സരം ഇക്കാര്യത്തിൽ നിലനിൽക്കുന്നുണ്ട്. എണ്ണായിരത്തിലേറെ ഭേദഗതികളാണ് 21 ദിവസം ചേർന്ന നിയമസഭാ സമ്മേളനത്തിലുണ്ടായത് എന്നത് ഇതിന് ഉദാഹരണമാണെന്നും സ്പീക്കർ പറഞ്ഞു.

ആസാദി കാ അമൃത് മഹോത്സവത്തിന്റെ ഭാഗമായി കേരള നിയമസഭയുടെ നേതൃത്വത്തിൽ രാജ്യത്തെ വനിതാ സാമാജികരുടെ കോൺഫറൻസ് സംഘടിപ്പിക്കും. പാർലമെന്റിന്റെ ഇരു സഭകളിലേയും രാജ്യത്തെ എല്ലാ നിയമസഭകളിലേയും വനിതാ അംഗങ്ങളുടെ സമ്മേളനമാകും ഇത്. മേയ് മാസം സംഘടിപ്പിക്കുന്ന കോൺഫറൻസിനെ രാജ്യത്തെ വനിതകളുടെ ബഹുമുഖ പ്രശ്നങ്ങൾ ഗൗരവമായി ചർച്ച ചെയ്യുന്ന വേദിയാക്കി മാറ്റുകയെന്നതാണു ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു.

നിയമസഭാ സമുച്ചയത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ നടന്ന ചടങ്ങിൽ എം.എൽ.എമാരായ ടി.പി. രാമകൃഷ്ണൻ, കെ.പി. മോഹനൻ, സി.കെ. ആശ, മോൻസ് ജോസഫ്, നിയമസഭാ സെക്രട്ടറി എസ്.വി. ഉണ്ണിക്കൃഷ്ണൻ നായർ, കെ-ലാംപ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ മഞ്ജു വർഗീസ് തുടങ്ങിയവർ പങ്കെടുത്തു.






# അശ്വാത്ഥാമാവിന്റെ മനസ്



അഡ്വ. എൻ. സായികുമാർ

മലയാള കാവ്യ ആസ്വാദകർക്കിടയിൽ ചിര പരിചിതനാണ് എം. മോഹൻദാസ്. മലയാളത്തിലെ തലയെടുപ്പുള്ള ഒട്ടുമിക്ക ആനുകാലികങ്ങളിലും അദ്ദേഹത്തിന്റെ കവിതകൾ അച്ചടിച്ച് വരാറുണ്ട്. 'വിമതമാലാഖ' എന്ന പേ രിൽ മോഹൻദാസിന്റെ പ്രഥമ കവിതാ സമാഹാരം കഴിഞ്ഞ കൊല്ലം പ്രസിദ്ധീകരിച്ചിരുന്നു. സാമൂഹ്യാസ്വസ്ഥതകളോട് നിരന്തരം കലഹിക്കുന്ന മോഹൻദാസിന്റെ കാവ്യശൈലി കൃത്രിമമില്ലാത്തതും അത്യന്തം ലളിതവുമാണ്. സങ്കീർണമായ ജീവിതാവസ്ഥകളെ അനാവരണം ചെയ്യുന്ന അദ്ദേഹത്തിന്റെ കവിതകൾ ആസ്വാദകർ ഇരുകൈയ്യും നീട്ടി സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

ഇപ്പോഴാകട്ടെ എം. മോഹൻദാസിന്റെ അശ്വത്ഥാമാവ് എന്ന നോവൽ പ്രഭാത് ബുക്ക് ഹൗസ് പ്രസിദ്ധീകരിച്ചിരിക്കുന്നു. ഈ നോവൽ വായന നൂതനവും ഹൃദ്യവുമായ വൈകാരിക അനുഭവമാണ് ആസ്വാദകർക്ക് സമ്മാനിക്കുന്നത്.

കഥകളുടെയും ചെറുകഥകളുടെയും അക്ഷയ ഖനിയാണ് മഹാഭാരതം. ജയപരാജയങ്ങളുടെ കഥ പറയുമ്പോഴും ജീവിതത്തിന്റെ അത്യന്തികമായ അർത്ഥമില്ലായ്മയും നിശൂന്യതയും മഹാഭാരതത്തിൽ മുഴച്ച് നിൽക്കുന്നു. ധർമ്മാധർമ്മങ്ങളുടെയും നൻമ തിന്മകളുടെയും സമ്മിശ്ര ഭാവമാണ് ഇതിഹാസത്തിലെ ഓരോ കഥാപാത്രവും വിളംബരം ചെയ്യുന്നത്. ഓരോ കഥാപാത്രത്തിലും ഇവയുടെ ഏറ്റക്കുറച്ചിൽ കാണാൻ കഴിയുമെന്ന് മാത്രം. കൃഷ്ണനിലും യുധിഷ്ഠിരനിലുമെല്ലാം തിൻമയുടെ കരിനിഴൽ വീണ് കിടപ്പുള്ളതുപോലെ തന്നെ ദുഷ്ട കഥാപാത്രങ്ങളായ ദുര്യോധനൻ, കർണ്ണൻ, അശ്വത്ഥാമാവ് എന്നിവരിലെല്ലാം നൻമയുടെ നിറസാന്നിദ്ധ്യവും നമുക്ക് വായിച്ചെടുക്കാനാവും.

കലഹങ്ങളിൽ നേരിട്ട് പങ്കാളിയാവാതെ ദൂരെ മാറിനിന്ന് വീക്ഷിക്കുന്ന രീതിയാണ് ചെറുപ്പത്തിൽ അശ്വത്ഥാമാവ് അനുവർത്തിക്കുന്നത്. കണ്ണീരും അവഗണനയും നിറഞ്ഞ കയ്പേറിയ ജീവിതമാണ് അയാൾ ജീവിച്ചു തീർത്തത്. ഈ കഥാപാത്രത്തിന്റെ ആത്മസംഘർഷങ്ങളും ഹൃദയ വിസ്ഫോടനങ്ങളും അതിന്റെ ശക്തി ചോരാതെ ആവിഷ്കരിക്കാൻ മോഹൻദാസിന്റെ വ്യതിരിക്തമായ തൂലികക്ക് കഴിഞ്ഞിട്ടുണ്ട്. അശ്വത്ഥമാവ് എന്ന കഥാപാത്രത്തിന്റെ ജീവിതത്തിലെ ചില സൂക്ഷ്മസന്ദർഭങ്ങളെ അതിന്റെ വൈകാരികത ഒട്ടും ചോർന്ന് പോവാതെ ചിത്രീകരിച്ചിരിക്കുന്നത് നല്ല വായന അനുഭവമാണ് സമ്മാനിക്കുന്നത്.

അശ്വത്ഥാമാവിന്റെ ഏകാന്തതയും തകർച്ചയും വൈരാഗ്യവും യജമാന വിധേയത്വവും ജീവിത വൈചിത്ര്യവുമെല്ലാം ഹൃദയസ്പൃക്കായി ഈ നോവലിൽ വരച്ച് കാട്ടുന്നതിൽ ഗ്രന്ഥകാരൻ പൂർണമായും വിജയിച്ചിരിക്കുന്നു. അതിന് ഉപയോഗിക്കുന്ന ഗദ്യശൈലിയാകട്ടെ കാവ്യാത്മകത നിറഞ്ഞതുമാണ്.

യുദ്ധത്തിന്റെ 18-ാം നാൾ രാത്രിയിൽ സേനാ ശിബിരത്തിൽ നടത്തിയ വംശഹത്യയിൽ നൂറുകണക്കിന് പാണ്ഡവപക്ഷ പോരാളികൾ വധിക്കപ്പെടുന്നത് മഹാഭാരതത്തിലെ ഏറ്റവും കറുത്ത അധ്യായമാണ്. വംശഹത്യ നടത്തിയ മൂവരിൽ കൃതവർമ്മൻ കൃഷ്ണന്റെ ഉറ്റബന്ധുവായി ദ്വാരകയിലും, കൃപർ പാണ്ഡവരുടെ ഉപചാര ആദരവുകൾ ഏറ്റുവാങ്ങി ഹസ്തിനാപുരി രാജധാനിയിലും പിൽക്കാലത്ത് കഴിയു

മ്പോഴും വംശഹത്യയുടെ മുഴുവൻ ശിക്ഷയും അനുഭവിക്കാൻ വിധിക്കപ്പെടുന്നത് അശ്വത്ഥാമാവിനു മാത്രമാണ്. കൊടും ക്രൂരതയ്ക്കുള്ള ശിക്ഷ ഏകാന്ത വാസമാണെന്ന് ഇതിഹാസം പറയുന്നു. വേദന കടിച്ചിറക്കി വനാന്തരത്തിലൂടെയുള്ള ഏകാന്തമായ അലച്ചിലാണ് അശ്വത്ഥാമാവിനു ശിക്ഷ വിധിക്കുന്നത്. ഹിംസയിൽ അഭിരമിച്ച ഈ ബ്രാഹ്മണൻ ചൂഡാമണി ചൂഴ്ന്നെടുക്കപ്പെട്ട ശിരസിൽ ഉണങ്ങാത്ത മുറിവും മെയ്യാകെ വ്യണവും ചലവുമായി ആരണ്യ വീഥിയിൽ മരണത്തിനുപോലും വേണ്ടാതെ അലഞ്ഞ് നടക്കുന്നു. യജമാനതുല്യം സ്നേഹിച്ച ദുര്യോധനൻ എന്ന ഉറ്റ തോഴന് വേണ്ടിയാണ് വംശഹത്യ നടത്തിയത് എന്നത് അശ്വത്ഥാമാവിന് ഒരു പ്രതിരോധ കവചവും നൽകുന്നില്ല.

മുപ്പത് അദ്ധ്യായങ്ങളിലായി മുന്നൂറോളം പേജുകളിലായിട്ടാണ് ഗ്രന്ഥകർത്താവ് നോവൽ രചന പൂർത്തിയാക്കിയിട്ടുള്ളത്. ജനമേജയ ചക്രവർത്തിയുടെ സർപ്പ സത്ര കാലയളവിൽ കഥാപാത്രം ഗതകാല സ്മരണകൾ അയവിറക്കുന്ന നിലയിലാണ് ഗ്രന്ഥകാരൻ നോവൽ രചന നടത്തിയിരിക്കുന്നത്. അശ്വത്ഥാമാവിന്റെ മനസിൽ ഓർമ്മകളുടെ നെരിപ്പോട് എരിയുന്നത് നോവലിൽ വായിച്ചെടുക്കാൻ കഴിയും.

വ്യാസന്റെ തിരുസന്നിധയിൽ അശ്വത്ഥാമാവും അർജുനനും പരസ്പരം ബ്രഹ്മശിരോ അസ്ത്രം പ്രയോഗിക്കുന്നതും അർജുനൻ അത് പ്രതിസംഹരിക്കുന്നതും അവസാനം തന്റെ വിശിഷ്ഠമായ ചൂഢാമണി പറിച്ച് അശ്വത്ഥാമാവ് വ്യാസനെ ഏൽപ്പിക്കുന്നതുമെല്ലാം വൈകാരികത ചോർന്ന് പോവാതെയാണ് ഗ്രന്ഥകർത്താവ് വരച്ച് വച്ചിരിക്കുന്നത്. വായനക്കാർ ഒറ്റയിരുപ്പിൽ ഈ നോവൽ വായിച്ച് തീർക്കും. അവഗണന നിറഞ്ഞ ജീവിത മുഹൂർത്തങ്ങൾ കഥാപാത്രം ഓർത്തെടുക്കുന്നതിലൂടെയാണ് നോവൽ പുരോഗമിക്കുന്നത്.

ജാതീയ വിവേചനത്തിന് ഇരയാകുന്ന ഏകലവ്യനോടും കർണ്ണനോടുമുള്ള അനുകമ്പയും പ്രതിപത്തിയും അശ്വത്ഥാമാവിന്റെ ഹൃദയശൽക്കങ്ങളെ മാന്തിപൊളിച്ചു കൊണ്ടിരുന്നു. ദിവ്യാസ്ത്രങ്ങൾ പലതും തന്നിൽ നിന്നും മറച്ച് പിടിച്ചിരുന്നതും അവയെല്ലാം അർജുനന് മാത്രമായി കരുതി വയ്ക്കുന്നതും പിതാവിനെതിരെ അശ്വത്ഥാമാവിന്റെ കൊച്ചു മനസ്സിൽ അവ മതിപ്പ് സൃഷ്ടിച്ചിരുന്നു. കടുത്ത അവഗണന നേരിട്ടിട്ടും അനോപമനായ ധനുർധരനാകാനായത് കഠിനാധ്വാനവും അചഞ്ചലമായ ഇച്ഛാശക്തിയും കൊണ്ടാണെന്ന് അശ്വത്ഥാമാവ് അനുസ്മരിക്കുന്നു.

തിൻമകളുടെയും നൃശംസ്തതകളുടേയും ആൾരൂപമായി ഇതിഹാസത്തിൽ വരച്ച് വച്ചിരിക്കുന്ന ദുഷ്ടകഥാപാത്രമായ അശ്വത്ഥാമാവിന്റെ പുനരാഖ്യാനവും പുനരവതരണവുമാണ് നോവലിസ്റ്റ് ലക്ഷ്യമിടുന്നത്. മഹാഭാരതത്തിന്റെ കേവലയുക്തികളെയും സദാചാര ബോധ്യങ്ങളെയും നോവലിസ്റ്റ് ചോദ്യം ചെയ്യുന്നു. വത്യസ്ഥമായ ജീവിതത്തിലെ നീണ്ട സഞ്ചാര പഥത്തിൽ കാലം മറയ്ക്കാത്ത ഉജ്ജ്വല കഥാപാത്രമായി അശ്വത്ഥാമാവ് ഈ നോവലിലൂടെ പുനരാവിഷ്കരിക്കപ്പെടുന്നു. എം. മോഹൻദാസിന്റെ സർഗ്ഗ ജീവിതത്തിൽ അവിസ്മരണീയ സംഭാവനയായി ഈ നോവൽ ഒരു നവജാലകം തുറന്നിടുന്നു. വായനക്കാർക്ക് ഇതൊരു പുതിയ അനുഭവമാണ് സമ്മാനിക്കുന്നത്. പ്രഭാത് ബുക്ക് ഹൗസ് പ്രസിദ്ധീകരിച്ച പുസ്തകത്തിന്റെ വില രൂ.360

***(കേരള കൗമുദി 2022 ഏപ്രിൽ 17 ഞായറാഴ്ച പതിപ്പിൽ പ്രസിദ്ധീകരിച്ചത്)***

# മിനിമം വേതന വിശദാംശങ്ങൾ ഉൾപ്പെടുത്തിയ പുസ്തകം പ്രകാശനം ചെയ്തു

**തൊ**ഴിൽ വകുപ്പ് 2019 മുതൽ 2021 വരെ മിനിമം വേതനം പുതുക്കി വിജ്ഞാപനം ചെയ്തിട്ടുള്ള 29 മേഖലകളിലെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയ കൈപ്പുസ്തകം തൊഴിലും പൊതു വിദ്യാഭ്യാസവും വകുപ്പ് മന്ത്രി വി. ശിവൻകുട്ടി പ്രകാശനം ചെയ്തു. തിരുവനന്തപുരത്തു നടന്ന ചടങ്ങിൽ തൊഴിൽ വകുപ്പ് സെക്രട്ടറി മിനി ആന്റണി പുസ്തകം ഏറ്റുവാങ്ങി.

മിനിമം വേതന നിയമത്തിന്റെ പരിധിയിൽ വരുന്ന എല്ലാ തൊഴിൽ മേഖലകളിലേയും മിനിമം വേതന വിജ്ഞാപനങ്ങൾ കാലാവധി പൂർത്തിയാക്കുന്ന മുറയ്ക്ക് പുതുക്കി വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടി സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നുണ്ടന്ന് മന്ത്രി പറഞ്ഞു.

വിവിധ മേഖലകളിൽ തൊഴിലെടുക്കുന്നവർക്ക് കുടുംബത്തെ സംരക്ഷിച്ചുകൊണ്ട് ജീവിതം മുന്നോട്ടു കൊണ്ടുപോകുന്നതിനും സാമൂഹ്യ പുരോഗതി ആർജ്ജിക്കുന്നതിനും ആവശ്യമായ വേതനം കാലാകാലങ്ങളിൽ ലഭ്യമാക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടത് എല്ലാ പുരോഗമന സർക്കാരുകളുടെയും ഉത്തരവാദിത്തമാണ്. ഇക്കാര്യത്തിലും കേരളം രാജ്യത്തിന് മാതൃകയാണ്.

സംസ്ഥാനത്തു വിവിധ തൊഴിൽ മേഖലകളെ



മിനിമം വേതന നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. രാജ്യത്ത് ഏറ്റവും ഉയർന്ന മിനിമം വേതനം ഉറപ്പുവരുത്തിയിട്ടുള്ള സംസ്ഥാനമാണ് കേരളം. ഇതിലൂടെ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പിക്കുവാനും, തുച്ഛമായ കൂലിക്ക് ജോലി ചെയ്യിക്കുന്ന ചൂഷണം അവസാനിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്. മുൻ സർക്കാരും 26 തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിച്ചത് പുസ്തകമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിന്റെ തുർച്ചയാണ് ഈ പുസ്തകമെന്നു മന്ത്രി പറഞ്ഞു. ചടങ്ങിൽ ലേബർ കമ്മീഷണർ ഡോ. എസ്. ചിത്ര, തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# അനുശോചനം



## എം.സി. ജോസഫൈൻ

**സി**.പി.എമ്മിന്റെ ഇരുപത്തിമൂന്നാം കോൺഗ്രസിൽ പങ്കെടുത്തു കൊണ്ടിരിക്കെയാണ് എം.സി. ജോസഫൈൻ ഹൃദയാഘാതം മൂലം മരണമടഞ്ഞത്. തൊഴിലാളികൾക്കും സ്ത്രീകൾക്കും ജനങ്ങൾക്കാകെയും വേണ്ടി വിശ്രമരഹിതമായി പ്രവർത്തിച്ച നേതാവാണ് ജോസഫൈൻ. വിദ്യാർഥി-യുവജന-മഹിളാ പ്രസ്ഥാനങ്ങളിൽ അരനൂറ്റാണ്ടിലേറെയായി ജോസഫൈന്റെ സാന്നിധ്യം ഉണ്ടായിരുന്നു.

ഇടപെട്ട മേഖലകളിലെല്ലാം വ്യക്തിമുദ്ര പതിപ്പിച്ച അവർ സ്ത്രീകളുടെയും തൊഴിലാളികളുടെയും അവകാശങ്ങൾക്കു വേണ്ടി വിട്ടുവീഴ്ചയില്ലാത്ത നിലപാടുകളാണെടുത്തത്. ജനാധിപത്യ മഹിളാ അസോസിയേഷൻ അഖിലേന്ത്യാ നേതാവ്, വനിതാ കമീഷൻ അധ്യക്ഷ എന്നീ നിലകളിലുള്ള ജോസഫൈന്റെ ഇടപെടലുകൾ സ്ത്രീ സമൂഹത്തിന് നീതി ഉറപ്പാക്കുക, പുരോഗതിയിലേക്ക് നയിക്കുക എന്ന ലക്ഷ്യത്തിൽ മാത്രം ഊന്നിയുള്ളതായിരുന്നു.

വിവിധ തൊഴിലാളി യൂണിയനുകളുടെ നേതാവ്, വനിതാ വികസന കോർപറേഷന്റെയും വിശാലകൊച്ചി വികസന അതോറിറ്റിയുടെയും നായിക എന്നീ നിലകളിലും ശ്രദ്ധേയമായ സംഭാവനകളാണ് അവർ നൽകിയത്. ജോസഫൈന്റെ വേർപാട് കേരളത്തിലെ പുരോഗമന പ്രസ്ഥാനത്തിനും സ്ത്രീ മുന്നേറ്റങ്ങൾക്കും കനത്ത നഷ്ടമാണുണ്ടാക്കുന്നത്. എം.സി. ജോസഫൈന്റെ ആകസ്മിക വിയോഗം തീവ്രമായ വ്യസനമുണ്ടാക്കുന്നതാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചന സന്ദേശത്തിൽ പറഞ്ഞു.

## ജോൺ പോൾ

**മ**ലയാള സാംസ്കാരിക ലോകത്ത് നികത്താനാവാത്ത വിടവ് സൃഷ്ടിച്ച് പ്രശസ്ത തിരക്കഥാകൃത്തും ചലച്ചിത്ര നിർമ്മാതാവുമായ ജോൺ പോൾ വിട പറഞ്ഞു. മലയാള സിനിമയെ ഭാവാത്മകമായ ഉന്നത തലങ്ങളിലേക്കുയർത്തിയ പ്രതിഭാശാലിയായ ചലച്ചിത്രകാരൻ എന്ന നിലയിൽ ജോൺ പോൾ എന്നും അനുസ്മരിക്കപ്പെടും. കഥാകൃത്ത്, തിരക്കഥാകാരൻ, സംവിധായകൻ, സംഭാഷണ രചയിതാവ്, നിർമ്മാതാവ് തുടങ്ങി പലതലങ്ങളിൽ അദ്ദേഹം ചലച്ചിത്ര രംഗത്തിന് കലാത്മകമായ സംഭാവനകൾ നൽകി.

സാഹിത്യ, സാംസ്കാരിക വിഷയങ്ങളെക്കുറിച്ച് അഗാധമായ അറിവുണ്ടായിരുന്ന വ്യക്തിയായിരുന്നു ജോൺ പോൾ. അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളിൽ അത് പ്രതിഫലിച്ചിരുന്നു. അനർഗളമായ വാക്പ്രവാഹമായിരുന്നു അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ. മലയാള സിനിമയുടെ ചരിത്ര രചനയിൽ ഏർപ്പെട്ടിരിക്കുമ്പോഴാണ് അദ്ദേഹം വിട പറഞ്ഞത്. മലയാളികളുടെ മനസ്സിൽ നിന്ന് മായാത്ത നിരവധി ചിത്രങ്ങളുടെ ശില്പിയാണ് ജോൺ പോൾ.



**ജോൺ പോൾ**

കലാ, സാഹിത്യ, സാംസ്കാരിക രംഗങ്ങളിൽ വിപുലമായ സൗഹൃദവലയമുള്ള വ്യക്തികൂടിയായിരുന്നു അദ്ദേഹം. ജോൺ പോളിന്റെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചനം രേഖപ്പെടുത്തി. പ്രശസ്ത തിരക്കഥാകൃത്തും സാംസ്കാരിക പ്രവർത്തകനുമായ ജോൺ പോളിന്റെ മരണം മലയാള ചലച്ചിത്ര-സാംസ്കാരിക ലോകത്തിനാകെ തീരാനഷ്ടമാണെന്ന് വ്യവസായ മന്ത്രി പി. രാജീവ് അനുശോചന സന്ദേശത്തിൽ പറഞ്ഞു. മലയാള സിനിമ എന്നും ഓർത്തിരിക്കുന്ന ഒട്ടനവധി സിനിമകൾ അദ്ദേഹത്തിന്റെ തൂലികയിൽ നിന്ന് പിറന്നവയായിരുന്നു ജോൺ പോളിന്റെ സിനിമകൾ അദ്ദേഹത്തിന്റെ നാമം അനശ്വരമാക്കുമെന്നുറപ്പാണ്. എങ്കിലും മലയാള സിനിമാ ലോകത്തുണ്ടായിരിക്കുന്ന ഈ വിടവ് ആരാലും നികത്തപ്പെടില്ല. ജോൺ പോളിന്റെ മരണത്തിൽ അദ്ദേഹത്തിന്റെ ബന്ധുമിത്രാദികളുടെയും ചലച്ചിത്ര ലോകത്തിന്റെയും സാംസ്കാരിക പ്രവർത്തകരുടെയും ദുഃഖത്തിൽ പങ്കുചേരുന്നതായുംമന്ത്രി അനുശോചന സന്ദേശത്തിൽ പറഞ്ഞു.

### നിയമസഭാ സ്പീക്കർ അനുശോചിച്ചു

**പ്ര**മുഖ തിരക്കഥാകൃത്ത് ജോൺ പോളിന്റെ നിര്യാണത്തിൽ സ്പീക്കർ എം.ബി. രാജേഷ് അനുശോചനം രേഖപ്പെടുത്തി. സിനിമയിൽ കലാമൂല്യത്തിന് പ്രാധാന്യം നൽകിയ കലാകാരനായിരുന്നു അദ്ദേഹം. ഉണ്ണികളേ ഒരു കഥപറയാം, കാതോടു കാതോരം, കാറ്റത്തെ കിളിക്കൂട്, യാത്ര, മാളൂട്ടി, അതിരാത്രം, ഓർമയ്ക്കായ്, ഇത്തിരിപ്പൂവേ ചുവന്ന പൂവേ, ഒരു മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടം, ഉത്സവപ്പിറ്റേന്ന്, ചാമരം, വിട പറയും മുമ്പേ, തേനും വയമ്പും, രചന തുടങ്ങി നിരവധി ജനപ്രിയ സിനിമകൾ അദ്ദേഹത്തിന്റെ തൂലികയിൽ നിന്ന് പിറവിയെടുത്തു. മലയാള സിനിമക്ക് സർഗാത്മക സംഭാവനകൾ നൽകിയ കലാകാരനെയാണ് നഷ്ടമായതെന്നും സ്പീക്കർ അനുസ്മരിച്ചു.

Coirfed

# പാരമ്പര്യത്തിന്റെ കൃത്യതയും പ്രകൃതിയുടെ സൗഭാഗ്യവും ചേർന്ന കയർഫെഡ് ഉൽപ്പന്നങ്ങൾ




മെത്തകൾ | കയർ മാറ്റ് | കയർ മാറ്റിംഗ്സ് | കയർ ടൈൽസ് | കൊക്കോഫെർട്ട് | കൊക്കോപിത്ത് ബ്രിക്കറ്റ് | ജിയോ ടെക്സ്റ്റൈൽസ്

THE KERALA STATE CO-OPERATIVE COIR MARKETING FERDERATION Ltd. No.679, P.B.No.4616, Alappuzha, Kerala, India
Website: www.coirfed.com, www.coirfed.kerala.gov.in, Email: coirfedho@gmail.com, mdcoirfed2gmail.com
Tel: 0477 2243627, 2243628, 2243629, 2244109(D)

RNI.68938/98, Reg.No.KL/ALP/150/98, Date of Publication 30-04-2022, April 2022




Printed and published by Adv. N. Saikumar, President for and on behalf of The Kerala State Co-operative Coir Marketing Federation Ltd. No. 679 (Coirfed), P.B.No. 4616, Alappuzha-688012, Ph: 0477 2243628.
Printed at Alleppey Offset Printers, Thathampally P.O, Alappuzha, Ph: 0477 2234705